തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

ഡിസംബർ 2025 പുസ്തകം 1 ലക്കം 11



## മുന്നേറാം നവകേരളത്തിലേക്ക്

## നവകേരള ദൗത്യത്തിലേക്ക് ചുവടുറപ്പോടെ പുതിയ ഭരണസമിതികൾ

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ്
## എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ഡിസംബർ 2025 പുസ്തകം 1 ലക്കം 11

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# നവകേരളത്തിന് ജനകീയാസൂത്രണം

കേരളത്തിന്റെ വികസന ചരിത്രത്തിൽ വഴിത്തിരിവു കുറിച്ച ജനകീയാസൂത്രണം മൂന്ന് പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന സന്ദർഭത്തിലാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റിരിക്കുന്നത്. കേവലം ഭരണ യൂണിറ്റുകൾ എന്നതിലുപരി, സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ മാറ്റിമറിക്കുന്ന സാമൂഹ്യ, സാമ്പത്തിക മുന്നേറ്റത്തിന്റെ മുഖ്യ ചാലക ശക്തിയായി മാറാൻ ഈ കാലയളവിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളും ജനകീയാസൂത്രണവുമാണ് ഈ മുന്നേറ്റത്തിന് നിയമപരവും ഭരണപരവുമായ അടിത്തറയും സാമ്പത്തിക പിന്തുണയും ഉറപ്പു വരുത്തിയത്. ഈ ചരിത്രപരമായ തുടർച്ചയേയും വരുംകാല ദൗത്യങ്ങളെയും അടയാളപ്പെടുത്താനാണ് 'തദ്ദേശക'ത്തിന്റെ ഈ ലക്കം ശ്രമിക്കുന്നത്.

സംസ്ഥാനം ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായും നവകേരളമായും അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന നിർണ്ണായക ഘട്ടമാണിത്. വികേന്ദ്രീകൃത ജനാധിപത്യത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും അടിസ്ഥാന തത്വങ്ങൾ മുറുകെപ്പിടിച്ച്, നവകേരള നിർമ്മിതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കു വഹിക്കാൻ പുതിയ പ്രാദേശിക സർക്കാരുകൾക്ക് കഴിയും. പ്രകൃതിദുരന്തങ്ങളും മഹാമാരികളും മറ്റ് പ്രതിസന്ധികളും ഒന്നിനുപുറകെ ഒന്നായി വന്നപ്പോഴും പ്രതിരോധത്തിന്റെ മുൻനിരയിൽ നിന്നത് നമ്മുടെ പ്രാദേശിക സർക്കാരുകളാണ്. ആ അനുഭവക്കരുത്ത് ഇനിയുള്ള വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പുതിയ ഭരണസമിതികൾക്ക് ആത്മവിശ്വാസം നൽകും. സാമൂഹ്യ നീതിയിൽ അടിസ്ഥാന മുറപ്പിച്ച ഒരു വികസിത സമൂഹമായി കേരളത്തെ മാറ്റുന്നതിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിബദ്ധത ഇനിയുള്ള വർഷങ്ങളിൽ നിർണ്ണായകമാകും. ഓരോ വാർഷിക പദ്ധതിയും നവകേരള ലക്ഷ്യത്തിലേക്കുള്ള ഓരോ ചുവടുവയ്പായി കാണണം.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും മാലിന്യ പരിപാലനത്തിലും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ആവശ്യം. കേരളത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിച്ച ചരിത്രം നേട്ടം നിലനിർത്തുകയും അതോടൊപ്പം കേവലദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കാനുള്ള പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ ഊർജ്ജിതമാക്കുകയും വേണം. മാലിന്യ പരിപാലന രംഗത്ത് നാം കൈവരിച്ച മുന്നേറ്റം ശാശ്വതവും ശാസ്ത്രീയവുമായ പരിഹാരങ്ങളിലേക്ക് വികസിപ്പിക്കാൻ കഴിയണം. ഡിജിറ്റൽ സാക്ഷരതയും 'കെ-സ്മാർട്ട്' പോലുള്ള ആധുനിക സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തി സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയണം. കേന്ദ്ര-സംസ്ഥാന ഗ്രാന്റുകളെ മാത്രം ആശ്രയിക്കാതെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണം. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള പ്രാദേശിക പദ്ധതികൾക്കും കുടുംബശ്രീ, കെ-ഡിസ്ക് എന്നിവയുമായി ചേർന്ന് യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്ന വിജ്ഞാന കേരളം പദ്ധതിക്കും മുൻഗണന നൽകണം.

ജനകീയാസൂത്രണത്തിന്റെ മൂന്ന് പതിറ്റാണ്ടുകൾ നൽകിയ അനുഭവങ്ങളുടെ കരുത്തിൽ ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി ഏറ്റെടുത്ത് വിജയിപ്പിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയും.ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയർന്ന് കാര്യക്ഷമമായും ശരിയായ ദിശാബോധത്തോടെയും പ്രവർത്തിക്കാൻ പുതിയ ഭരണസമിതികൾക്ക് കഴിയട്ടെ. പുതുതായി ചുമതലയേറ്റ ജനപ്രതിനിധികൾക്ക് ഹൃദയപൂർവ്വം ആശംസകൾ നേരുന്നു.

**ദീപ കെ.**
എഡിറ്റർ

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

തദ്ദേശകം
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
ജൂൺ 2025 പുസ്തകം 1 ലക്കം 4

# ഉള്ളടക്കം

6
മുന്നേറാം
നവകേരളത്തിലേക്ക്
പിണറായി വിജയൻ കേരള മുഖ്യമന്ത്രി

14
കേരളത്തെ പുതിയ
ഉയരങ്ങളിലെത്തിക്കാൻ ഒന്നിക്കാം
എം ബി രാജേഷ്
തദ്ദേശ സ്വയംഭരണ എക്സൈസ്
പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

18
ചുമതലകൾ അറിയുക
വിനോദ് ഡാനിയൽ

22
മാലിന്യവിമുക്തമായ
തദ്ദേശസ്വയംഭരണ സ്ഥാപനം



25
ലൈഫ് ഭവന പദ്ധതി

26
ഡീഡ് പദ്ധതി

28
മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP 2.0)

30
സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി (Universal Palliative Care Project)

32
അക്ഷരോന്നതി
വായനയിലൂടെ അറിവിലേക്ക്, ഉന്നതിയിലേക്ക്

34
കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു




**പിണറായി വിജയൻ**
കേരള മുഖ്യമന്ത്രി
മുഖ്യമന്ത്രി

# മുന്നേറാം നവകേരളത്തിലേക്ക്



മൂന്ന് പതിറ്റാണ്ട് തികയാൻ പോകുന്ന ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് വികസനത്തിന്റെ പുതിയ ഔന്നത്യങ്ങൾ എത്തിപ്പിടിക്കാനുള്ള ദൗത്യവുമായാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേൽക്കുന്നത്. മഹത്തായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മുപ്പതാമാണ്ടിലും അതിന്റെ അടിസ്ഥാനതത്വങ്ങൾ മുറുകെപ്പിടിച്ചാണ് ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും വികസന പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും. കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണ മാതൃക ലോകത്തിന്റെ പ്രശംസ നേടിയ മൂന്ന് പതിറ്റാണ്ടുകളാണ് കടന്നുപോയത്. ഈ വികസന ദൗത്യത്തിന്റെ തുടർച്ചയുറപ്പാക്കുന്നതിന്, ഈ തെരഞ്ഞെടുപ്പിൽ, ജനവിശ്വാസം നേടി വിജയിച്ചുവന്ന എല്ലാ ജനപ്രതിനിധികൾക്കും കഴിയട്ടെ എന്നാശംസിക്കുന്നു.

സംസ്ഥാനം നവകേരള വികസനലക്ഷ്യങ്ങളിലേക്ക് മുന്നേറുന്ന നിർണ്ണായക ഘട്ടത്തിലാണ് പുതിയ തദ്ദേശ ഭരണസമിതികൾ അധികാരമേൽക്കുന്നത്. ഇനിയുള്ള വർഷങ്ങളിൽ ഈ പ്രവർത്തനങ്ങൾ താഴേത്തട്ടിൽ ഏകോപിപ്പിക്കേണ്ടത് ഈ പുതിയ ഭരണസമിതികളാണ്. ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നതിൽ പുതിയ ഭരണസമിതികളുടെ പ്രതിബദ്ധതയോടെയുള്ള പ്രവർത്തനം നിർണ്ണായകമാവും.

ഇന്ത്യയിലെ തദ്ദേശ സ്വയംഭരണത്തിന്റെ പൊതുചിത്രം പരിശോധിച്ചാൽ അതിൽ കേരളത്തിന്റെ നേട്ടങ്ങൾ വേറിട്ടു നിൽക്കുന്നതായി കാണാം. 1992-ലെ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലൂടെയാണ്, രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം നൽകിയത്. ത്രിതല (ഗ്രാമ, ബ്ലോക്ക്, ജില്ല) പഞ്ചായത്തുകളിലും നഗരങ്ങളിലും (മുനിസിപ്പാലിറ്റി, കോർപറേഷൻ) ഭരണഘടനാ പദവിയുള്ള തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ രൂപീകരിക്കാൻ ആ ഭേദഗതികൾ വഴിയൊരുക്കി. 1994-ലെ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളും 1996-ൽ ആരംഭിച്ച ജനകീയാസൂത്രണവും (People's Plan Campaign) തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടും കൈമാറാനുള്ള നിയമ - നയ ചട്ടക്കൂട് രൂപപ്പെടുത്തി.

ജനകീയാസൂത്രണ പ്രസ്ഥാനം അധികാര വികേന്ദ്രീകരണത്തിന് പുതിയൊരു മാതൃക രൂപപ്പെടുത്തി. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGI) ഭരണപരമായും സാമ്പത്തികമായും ശക്തമായി. സംസ്ഥാന വികസന പദ്ധതി വിഹിതത്തിന്റെ ഗണ്യമായ ഭാഗം (ഏകദേശം 35%) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കാൻ തീരുമാനിച്ചു. പ്രാദേശികമായ ആവശ്യങ്ങൾ, ജനങ്ങൾ നേരിട്ട് ചർച്ച ചെയ്ത്, മുൻഗണനാക്രമം നിശ്ചയിച്ച് ജനപങ്കാളിത്തത്തോടെ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി. സാമ്പത്തികമായും ഭരണപരമായും രാജ്യത്തെ ഏറ്റവും ശക്തമായ പ്രാദേശിക സർക്കാരുകളായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറി.

പ്രത്യേക സർക്കാർ പദ്ധതികൾക്കായി (Centrally Sponsored Schemes) മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതാണു മറ്റ് സംസ്ഥാനങ്ങളിലെ രീതി. അതിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിൽ പദ്ധതി വിഹിതത്തിന്റെ ഏകദേശം 25-30% (2024 -25 ൽ 28.09%) തദ്ദേശ സ്ഥാപനങ്ങൾക്ക് 'അൺടൈഡ് ഫണ്ട്'

**ജനകീയാസൂത്രണ പ്രസ്ഥാനം അധികാര വികേന്ദ്രീകരണത്തിന് പുതിയൊരു മാതൃക രൂപപ്പെടുത്തി. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGI) ഭരണപരമായും സാമ്പത്തികമായും ശക്തമായി.**

(Untied Fund) ആയി നൽകുന്നുണ്ട്. കൂടാതെ നികുതി വരുമാനത്തിന്റെ ഒരു വിഹിതവും (General Purpose Fund & Maintenance Fund) തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഈ ഫണ്ട് വകയിരുത്തി പ്രാദേശിക സർക്കാരുകൾ സ്വന്തം നിലയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ശക്തമല്ലാത്ത 'പ്രോജക്ട് അധിഷ്ഠിത ആസൂത്രണ രീതി' (Project-based planning) യാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ പിന്തുടരുന്നത്. അവ കേന്ദ്ര-സംസ്ഥാന സ്കീമുകൾ നടപ്പിലാക്കുന്നതിൽ ഒതുങ്ങി നിൽക്കാതെ, വാർഡ്/ഗ്രാമ സഭകളിൽ ജനങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് തനതു പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിൽവരുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി തുടങ്ങിയ പ്രധാന മേഖലകളിലെ സർക്കാർ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും നിയന്ത്രണവും ഇവിടുത്തെ

തദ്ദേശ സ്ഥാപനങ്ങൾക്കാണ്. ഈ ഘടകങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും ഒരു ശക്തമായ നിയമ ചട്ടക്കൂട് പ്രദാനം ചെയ്യുന്നു. മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മികവിനുള്ള ISO അംഗീകാരം നേടിയിട്ടുണ്ട്. 'സുലേഖ' (Sulekha) പോലുള്ള സോഫ്റ്റ്‌വെയറുകൾ വഴി പദ്ധതി ആസൂത്രണം ഡിജിറ്റലൈസ് ചെയ്തത് തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനസുതാര്യത ഉറപ്പാക്കുന്നുണ്ട്.

## നേട്ടങ്ങൾ മുറുകെ പിടിക്കാം

സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടിൽ നല്ലൊരു ഭാഗം വിനിയോഗിക്കുന്നതും പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. റോഡ്, വെള്ളം, വെളിച്ചം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിലും പൊതു ജനാരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും മാലിന്യ സംസ്കരണത്തിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സർക്കാരുകൾ നടത്തിയ നിക്ഷേപം ദീർഘകാലാടിസ്ഥാനത്തിൽ മാനവ വിഭവശേഷി മെച്ചപ്പെടുത്താൻ സഹായിച്ചു. പ്രാദേശിക സർക്കാരുകൾക്ക് കീഴിൽ ഗ്രാമീണ റോഡുകൾ, ജലസേചന സൗകര്യങ്ങൾ, പ്രാദേശിക വിപണികൾ എന്നിവ വികസിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഏറ്റവും കൂടുതൽ ശ്രദ്ധ ലഭിച്ച ഒന്നാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ,സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ വികസനം. കെട്ടിടങ്ങളുടെ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങൽ, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ എന്നിവ ഇതിന്റെ ഭാഗമായി നടന്നു. ഗ്രാമീണ ആരോഗ്യ സേവനത്തിന്റെ നട്ടെല്ലായ 'ആശ' (Accredited Social Health Activist) വർക്കർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചു. ശുചിത്വം, പൊതുജനാരോഗ്യം എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രാധാന്യം നൽകി. പകർച്ചവ്യാധികൾ തടയാനുള്ള ബോധവൽക്കരണ പരിപാടികൾ, കൊതുകു നശീകരണം, കിണറുകളിലെ ക്ലോറിനേഷൻ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ പ്രാദേശികമായി നടപ്പാക്കി. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകി. അംഗൻവാടികൾ വഴി പോഷകാഹാരം വിതരണം ചെയ്യാനും വാക്സിനേഷൻ യജ്ഞങ്ങൾ കാര്യക്ഷമമാക്കാനും സാധിച്ചു.

കിടപ്പുരോഗികൾക്ക് ഗൃഹപരിചരണം ഉറപ്പാക്കാനും അവർക്കായി സമൂഹ അടുക്കളകൾ (Community Kitchens) ആരംഭിക്കാനും അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ ആംബുലൻസ് സേവനങ്ങൾ ലഭ്യമാക്കാനും പല തദ്ദേശ സ്ഥാപനങ്ങളും മുൻകൈ എടുത്തു. ആവശ്യമുള്ള സ്ഥലങ്ങളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു. ആരോഗ്യ സേവനങ്ങൾ സാർവ്വത്രികമാക്കുന്നതിൽ മാത്രമല്ല, രോഗപ്രതിരോധ (Preventive Healthcare) സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലും ജനകീയാസൂത്രണം പ്രധാന പങ്കുവഹിച്ചു.

> **റോഡ്, വെള്ളം, വെളിച്ചം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിലും പൊതു ജനാരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും മാലിന്യ സംസ്കരണത്തിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുണ്ട്.**

ജനകീയാസൂത്രണം പൊതുവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിലും ഗണ്യമായ സംഭാവനകൾ നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കാനും പുതിയ ക്ലാസ് മുറികൾ നിർമ്മിക്കാനും ശുചിമുറികൾ, കുടിവെള്ള സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാനും സാധിച്ചു. പല സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകളും ലൈബ്രറികളും സജ്ജമാക്കി. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി അധിക ക്ലാസുകൾ, കൗൺസിലിംഗ് സേവനങ്ങൾ എന്നിവ സംഘടിപ്പിക്കാൻ സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകി. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനും കുട്ടികൾക്ക് മികച്ച പോഷകാഹാരം ഉറപ്പാക്കാനും തദ്ദേശ സ്ഥാപനങ്ങൾ മേൽനോട്ടം വഹിച്ചു. കലാ-കായിക പ്രവർത്തനങ്ങൾ, ശാസ്ത്ര ക്ലബ്ബുകൾ എന്നിവ പ്രോത്സാഹിപ്പിക്കാൻ ഫണ്ട് അനുവദിച്ചു. സ്കൂൾ വികസന സമിതികൾ (PTAIÄ) ശക്തിപ്പെടുത്താനും പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ജനകീയാസൂത്രണം സഹായിച്ചു. ഇതിലൂടെ, പൊതു

വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടുതൽ ജനസൗഹാർദ്ദപരമാക്കുന്നതിലും കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിലും അതുവഴി പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിലും ജനകീയാസൂത്രണം വലിയ പങ്ക് വഹിച്ചു.

ജനകീയാസൂത്രണം പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലും ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവന്നു. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകി. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും പഴയവ നവീകരിക്കാനും ഫണ്ട് കണ്ടെത്തി. മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനായി കളിക്കോപ്പുകൾ, പഠന സാമഗ്രികൾ, കളിസ്ഥലങ്ങൾ എന്നിവ സജ്ജമാക്കി. കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരം, പാൽ, മുട്ട എന്നിവ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ മേൽനോട്ടം വഹിച്ചു. മികച്ച പരിശീലന പരിപാടികളിലൂടെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം കാര്യക്ഷമമാക്കാനും ജനകീയാസൂത്രണത്തിലൂടെ സാധിച്ചു.

കേരളത്തിലെ പാർപ്പിട പ്രശ്നത്തിന്റെ തീവ്രത കുറയ്ക്കുന്നതിലും ദരിദ്ര, പിന്നോക്ക ജനവിഭാഗങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കുന്നതിലും ജനകീയാസൂത്രണം പങ്കു വഹിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഭവന നിർമ്മാണത്തിന് മുൻഗണന ലഭിച്ചു. പാർപ്പിടമില്ലാത്ത അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി കണ്ടെത്താനും അവർക്ക് ധനസഹായം നൽകാനും സാധിച്ചു. സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളുടെ (ഇഎം എസ് ഭവന പദ്ധതി, എം എൻ ലക്ഷം വീട് നവീകരണം, ലൈഫ് മിഷൻ) നിർവ്വഹണം നടത്തിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അർഹതയുള്ളവർ ആരൊക്കെയെന്ന് ഗ്രാമ/വാർഡ് സഭകൾ വഴി തീരുമാനിച്ചു. അതുവഴി ഏറ്റവും അർഹരായവർക്ക് ആദ്യം സഹായം നൽകാൻ കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായവും ജനകീയ സംവിധാനങ്ങളിലൂടെയുള്ള മേൽനോട്ടവും നിർമ്മാണപ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സഹായിച്ചു.






സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ഉന്നമനം ജനകീയാസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്താനും, വികസന പ്രക്രിയയിൽ അവരെ പങ്കാളികളാക്കാനും ജനകീയാസൂത്രണത്തിന് കഴിഞ്ഞു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി ഫണ്ട് നീക്കിവെക്കാൻ ജനകീയാസൂത്രണം വ്യവസ്ഥ ചെയ്തു. പട്ടികജാതിക്കാർക്കായി 'പ്രത്യേക ഘടക

പദ്ധതികളും' (Special Component Plan) പട്ടിക വർഗക്കാർക്കായി ഉപ പദ്ധതികളും (Tribal Sub Plan) ഏറ്റെടുത്തു. ഗ്രാമസഭകളിൽ പങ്കെടുത്ത് തങ്ങളുടെ ആവശ്യങ്ങൾ (ഭവന നിർമ്മാണം, ഭൂമി വാങ്ങാനുള്ള സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ പരിശീലനം) നേരിട്ട് അവതരിപ്പിക്കാനും അവ പദ്ധതികളിൽ ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാനും അവർക്ക് അവസരം ലഭിച്ചു. സർക്കാരിൽ നിന്ന് ലഭിക്കേണ്ട സഹായങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഈ വിഭാഗങ്ങളിൽ അവബോധം ശക്തിപ്പെടുത്താൻ ജനകീയാസൂത്രണം സഹായിച്ചു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് കുടുംബശ്രീയുടെ വളർച്ച. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ (SHG), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG), സംരംഭക ഗ്രൂപ്പുകൾ (ME) എന്നിവ രൂപീകരിക്കാൻ മുൻകൈ എടുത്തു. ദശലക്ഷക്കണക്കിന് സ്ത്രീകളെ ഒരു സംഘടനാ സംവിധാനത്തിനു കീഴിൽ അണിനിരത്തിയ കുടുംബശ്രീ ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീശാക്തീകരണ മുന്നേറ്റങ്ങളിൽ ഒന്നായി വളർന്നു. കുടുംബശ്രീ സ്ത്രീകളിൽ ലഘു സമ്പാദ്യ ശീലം വളർത്തി. ആവശ്യക്കാർക്ക് ബാങ്ക് വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കി. ചെറുകിട സംരംഭങ്ങളിലൂടെ സ്വന്തമായി വരുമാനം കണ്ടെത്താൻ സ്ത്രീകളെ സഹായിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണം (ആദ്യം 33%, പിന്നീട് 50%) ഫലപ്രദമായി ഉപയോഗിക്കാൻ കുടുംബശ്രീ സ്ത്രീസമൂഹത്തെ പ്രാപ്തമാക്കി. ഗ്രാമ/വാർഡ് സഭകളിൽ സ്ത്രീ പങ്കാളിത്തം ശക്തിപ്പെട്ടു. അത് സ്ത്രീകളിൽ രാഷ്ട്രീയ അവബോധവും ആത്മവിശ്വാസവും വർദ്ധിപ്പിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും പൊതുവിഷയങ്ങളിൽ തീരുമാനങ്ങളെടുക്കാൻ സ്ത്രീകളെ പ്രാപ്തരാക്കി. തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾക്ക് (ശൗചാലയങ്ങൾ, സ്ത്രീ സൗഹൃദ തൊഴിൽ സാഹചര്യങ്ങൾ, സുരക്ഷ) അർഹമായ പരിഗണന നൽകാൻ ജനകീയാസൂത്രണം അവസരം ഒരുക്കി. ജനകീയാസൂത്രണം സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും ശാക്തീകരിക്കുകയും വികസന പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുകയും ചെയ്തു.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയയെ സഹായിച്ച ജനകീയാസൂത്രണം, ഏറ്റവും നിർധനരും അവശതകൾ അനുഭവിക്കുന്നവരുമായ മനുഷ്യരുടെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി. പാവപ്പെട്ട ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തി അവർക്ക് വീട് നിർമ്മിക്കാൻ സഹായം നൽകി. ഏറ്റവും അർഹരായ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ (പട്ടികജാതി/വർഗ്ഗം) ഗ്രാമസഭകൾ വഴി നേരിട്ട് കണ്ടെത്തി സഹായം എത്തിച്ചു. കൃഷി, മൃഗസംരക്ഷണം, ചെറുകിട സംരംഭങ്ങൾ എന്നിവയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ദരിദ്ര കുടുംബങ്ങൾക്ക് അധിക വരുമാന മാർഗ്ഗം നൽകി. ദരിദ്ര കുടുംബങ്ങളിലെ കൂടുതൽ സ്ത്രീകൾ കുടുംബശ്രീയിലൂടെ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ പ്രാദേശികമായി ലഭ്യമാക്കി ദരിദ്ര കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തി. ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യുകയും സഹായങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുകയും ചെയ്തതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജന ശ്രമങ്ങൾക്ക് ജനകീയാസൂത്രണം കരുത്ത് പകർന്നു.

അധികാര വികേന്ദ്രീകരണം താഴെത്തട്ടിൽ ഉണ്ടാക്കിയ ഉണർവ് പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്തി. ഓരോ പ്രദേശത്തുമുള്ള പ്രകൃതി വിഭവങ്ങൾ, മനുഷ്യവിഭവശേഷി, മറ്റ് സാധ്യതകൾ എന്നിവ തിരിച്ചറിയാനും അവ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും സാധിച്ചു. കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകി പ്രാദേശിക സർക്കാരുകൾ പദ്ധതികൾ ആവിഷ്കരിച്ചു. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായി ചേർന്ന് ഏറ്റെടുത്ത പദ്ധതികൾ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിച്ചു. സ്വയംസഹായ സംഘങ്ങളായും സംരംഭക സംഘങ്ങളായും ഏറ്റെടുത്ത ചെറുകിട ഉത്പാദനത്തിലൂടെ സ്ത്രീകൾ വരുമാനം കണ്ടെത്തി. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് ഫണ്ട് വിനിയോഗിക്കാനും അതുവഴി സന്തുലിതമായ സാമ്പത്തിക വികസനം താഴെത്തട്ടിൽ ഉറപ്പാക്കാനും ജനകീയാസൂത്രണം സഹായിച്ചു.

> **തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾക്ക് (ശൗചാലയങ്ങൾ, സ്ത്രീ സൗഹൃദ തൊഴിൽ സാഹചര്യങ്ങൾ, സുരക്ഷ) അർഹമായ പരിഗണന നൽകാൻ ജനകീയാസൂത്രണം അവസരം ഒരുക്കി. ജനകീയാസൂത്രണം സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും ശാക്തീകരിക്കുകയും വികസനപ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുകയും ചെയ്തു.**




ജനകീയാസൂത്രണം കേരളത്തിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിലും സഹായിച്ചു. പ്രാദേശിക തലത്തിൽ കാർഷിക വികസനത്തിന് ഊന്നൽ നൽകി പദ്ധതികൾ ഏറ്റെടുത്തു. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലും കർഷകരുടെ വരുമാനം കൂട്ടുന്നതിലും അത് ഗണ്യമായ സംഭാവന നൽകി. തദ്ദേശ സ്ഥാപനങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'കാർഷിക കർമ്മ സമിതികൾ' രൂപീകരിച്ചു. കൃഷി ഓഫീസർമാരും ജനപ്രതിനിധികളും കർഷകരും ഇതിൽ അംഗങ്ങളായി. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും പുതിയ കൃഷി രീതികൾ അവലംബിക്കുന്നതിനും വിത്തുകൾക്കും വളങ്ങൾക്കുമായി കർഷകർക്ക് നേരിട്ട് തദ്ദേശ സ്ഥാപനങ്ങൾ വഴി സബ്സിഡികൾ ലഭ്യമാക്കി. തടയണകൾ, കനാലുകൾ എന്നിവയുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിയത് കാർഷിക മേഖലയ്ക്ക് സഹായമായി. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി കർഷക ചന്തകൾ, സംഭരണ കേന്ദ്രങ്ങൾ എന്നിവ ഒരുക്കാൻ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുത്തു. തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ നടപ്പാക്കി.

പ്രാദേശിക തലത്തിൽ മൃഗസംരക്ഷണ മേഖലയ്ക്ക് നൽകിയ പ്രാധാന്യം വെറ്ററിനറി സേവനങ്ങൾ മെച്ചപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു. ക്ഷീരകർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും കാലിത്തീറ്റയും മറ്റ് കൃഷി ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും സബ്സിഡികൾ നൽകി. പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താനും അതുവഴി പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്താനും ജനകീയാസൂത്രണ ഫണ്ടുകൾ ഉപയോഗിച്ചു. മൃഗസംരക്ഷണം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന അനേകം കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കാനും സാമ്പത്തിക ഭദ്രത കൈവരിക്കാനും ഇതിലൂടെ സാധിച്ചു.

സംസ്ഥാനത്തെ സംബന്ധിച്ചേടത്തോളം പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും കേന്ദ്ര നികുതി വിഹിതത്തിലെ കുറവു മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും നേരിട്ട കുറച്ചു വർഷങ്ങളാണ് കടന്നുപോയത്. പ്രതിസന്ധികളെ അതിജീവിക്കാനും അതിന്റെ അനുഭവത്തിലൂടെ സ്വയം ശാക്തീകരിക്കാനും ഈ കാലയളവിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിഞ്ഞു. സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സേവനങ്ങൾ വേഗത്തിലും സുതാര്യമായും ജനങ്ങളിലേക്ക് എത്തിക്കാനും പ്രാദേശിക സർക്കാറുകൾക്ക് കഴിയുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ലൈഫ് മിഷൻ (ഭവന പദ്ധതി), കുടുംബശ്രീ തുടങ്ങിയവ ലോകനിലവാരത്തിലുള്ള മാതൃകകളായി മാറിയിട്ടുണ്ട്. കോവിഡ്-19, പ്രളയം തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കരുത്ത് തെളിയിച്ചു. നിയമപരമായ അധികാരം, സാമ്പത്തിക ശേഷി, ജനപങ്കാളിത്തം എന്നീ മൂന്ന് തലങ്ങളിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലെത്താൻ ജനകീയാസൂത്രണത്തിന്റെ മൂന്ന് പതിറ്റാണ്ടു കൊണ്ട് കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു.

**തദ്ദേശ സ്വയംഭരണ സംവിധാനമാകെ ഡിജിറ്റൽവൽക്കരണത്തിലൂടെ മികവ് കൈവരിച്ച കാലയളവാണ് കടന്നു പോയത്. ജനങ്ങളിൽ ഡിജിറ്റൽ സാക്ഷരത എത്തിക്കുന്നതിലും നമുക്ക് വിജയിക്കാനായി. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. കെ – സ്മാർട്ട് നടപ്പിലാക്കിയതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ഡിജിറ്റൽ ആയി നൽകാൻ അവസരമൊരുങ്ങി.**

## കടമകൾ മറക്കാതിരിക്കാം

പുതുതായി ചുമതലയേറ്റ ഭരണസമിതികൾക്ക് മുന്നിലുള്ള ദൗത്യം വലുതാണ്. നവകേരളസൃഷ്ടിയുടെ ഭാവി വലിയൊരളവു വരെ അവയുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

ഈ കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ കേരളം അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കപ്പെട്ടത് മുഴുവൻ കേരളീയർക്കും നേട്ടമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ നാലുവർഷത്തിലധികം നീണ്ട ചിട്ടയായ പ്രവർത്തനങ്ങളാണ് ഇത് സാധ്യമാക്കിയത്. അതിദാരിദ്ര്യം ഇല്ലാതാക്കിയതിന്റെ തുടർച്ചയിൽ, കേവലദാരിദ്ര്യം തുടച്ചു നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി ഏറ്റെടുക്കാൻ പുതിയ ഭരണസമിതികൾക്ക് കഴിയണം.

മാലിന്യ പരിപാലന രംഗത്ത് കേരളം കുതിപ്പുണ്ടാക്കിയ ഒരു ഭരണ കാലയളവാണ് കടന്നു പോയത്. ഏറ്റവും നല്ല രീതിയിൽ മാലിന്യ പ്രശ്നം കൈകാര്യം ചെയ്തു വരുന്ന സ്ഥലങ്ങളിൽ പോലും ചെറിയ ഇടവേളയിലെ അലംഭാവവും അശ്രദ്ധയും ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കും. ദൈനംദിനാടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലും ഈ പ്രശ്നം കൈകാര്യം ചെയ്യണം. മാലിന്യ പ്രശ്നങ്ങൾക്ക് തത്കാലിക പരിഹാരമല്ല, ശാശ്വതമായ ശാസ്ത്രീയ പരിഹാരമാണ് വേണ്ടത്. ഇതിനായി ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ തുടർച്ച ഏറ്റെടുക്കാനും കുറവുകൾ ഉണ്ടെങ്കിൽ പരിഹരിക്കാനും പുതിയ ഭരണ സമിതികൾക്ക് കഴിയണം.

കാലാവസ്ഥാവ്യതിയാന പ്രതിരോധവും ദുരന്ത നിവാരണവുമാണ് പുതിയ ഭരണസമിതികൾ മുൻഗണന നൽകേണ്ട മറ്റൊരു മേഖല. ഇതിനിടെ നിയമപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്താനും പിന്തുണാ സംവിധാനങ്ങൾ ഒരുക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഈ കാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ ദുരന്തങ്ങളെ നേരിടാൻ പ്രാദേശിക സർക്കാറുകൾ കൂടുതൽ സജ്ജമാകേണ്ടിയിരിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ ശോഷണം തടയുന്നതിനും ജൈവസമ്പത്ത് വർധിപ്പിക്കുന്നതിനും, അതിലൂടെ, കാർബൺ സന്തുലിതാവസ്ഥയിലേക്ക് നീങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുകൂടി പുതിയ ഭരണനേതൃത്വം മുൻഗണന നൽകണം.

തദ്ദേശ സ്വയംഭരണ സംവിധാനമാകെ ഡിജിറ്റൽവൽക്കരണത്തിലൂടെ മികവ് കൈവരിച്ച കാലയളവാണ് കടന്നു പോയത്. ജനങ്ങളിൽ ഡിജിറ്റൽ സാക്ഷരത എത്തിക്കുന്നതിലും നമുക്ക് വിജയിക്കാനായി. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. കെ – സ്മാർട്ട് നടപ്പിലാക്കിയതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ഡിജിറ്റൽ ആയി നൽകാൻ അവസരമൊരുങ്ങി. സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഗുണനിലവാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന കാര്യത്തിൽ ഇനിയും മെച്ചപ്പെടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. അതിനുള്ള നിരന്തര പരിശ്രമങ്ങൾക്ക് പുതിയ ഭരണസമിതികൾ നേതൃത്വം നൽകണം.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഭൂമിശാസ്ത്രപരമായും ജനസംഖ്യാപരമായും വളരെ വലുതാണ്. ഉത്തർപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഒരു പഞ്ചായത്തിലെ ജനസംഖ്യ 2,000 മുതൽ 5,000 വരെ മാത്രമാണെങ്കിൽ, കേരളത്തിലേത് ഇതിന്റെ പല മടങ്ങാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിശീർഷ വരുമാനവും ഉയർന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ (15th Finance Commission) റിപ്പോർട്ടുകൾ പ്രകാരം 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിശീർഷ തനതു വരുമാനം 48 രൂപ ആയിരുന്നു. കേരളത്തിൽ ഇത് 286 രൂപയാണ്. 2011–ലെ സെൻസസ് രാജ്യത്തെ ഏറ്റവും നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനമായി കണ്ടെത്തിയ ഗോവയും (1,635) നഗരവത്കരണത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയും (757) മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിശീർഷ തനതു വരുമാനത്തിൽ കേരളത്തിന് മുന്നിലുള്ളത്. എന്നിരുന്നാലും പല തദ്ദേശ സ്ഥാപനങ്ങളും അവരുടെ വരുമാന സാധ്യതകൾ ഇപ്പോഴും പൂർണ്ണമായി പ്രയോജന

പ്പെടുത്തുന്നില്ല. തനത് വരുമാനം വർധിപ്പിച്ച് പരമാവധി സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകണം. അങ്ങനെ വരുമ്പോൾ പല കാര്യങ്ങൾക്കും വേണ്ടി, കേന്ദ്ര-സംസ്ഥാന ഗ്രാന്റുകളിലുള്ള ആശ്രിതത്വം കുറയ്ക്കാൻ കഴിയും. വരുമാന ദായക ആസ്തികൾ ശരിയായി പരിപാലിക്കുന്ന കാര്യത്തിലും കൂടുതൽ ശ്രദ്ധ വേണം.

വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി (Knowledge Economy) മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ പദ്ധതി വിജയിപ്പിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. കുടുംബശ്രീ വഴി പ്രാദേശികമായി തൊഴിലന്വേഷകരെ കണ്ടെത്തി അവരെ കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിൽ മുൻകൈയെടുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. പ്രാദേശിക തലത്തിൽ തൊഴിൽമേളകൾ (Job Fairs) സംഘടിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. 'ഫെസിലിറ്റേഷൻ സെന്ററുകളും' 'ജോബ് സ്റ്റേഷനുകളും' സ്ഥാപിച്ച് ഉദ്യോഗാർത്ഥികളെ തൊഴിലുടമകളുമായി ബന്ധപ്പെടുത്തുകയും ചെയ്യാം. ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കുടുംബശ്രീ, K-DISC എന്നിവയുമായി ചേർന്ന് പ്രാദേശികമായി നൈപുണ്യ വികസന ക്ലാസുകൾ സംഘടിപ്പിക്കാം. വാർഡ് തലത്തിൽ വിജ്ഞാനകേരളം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കു വഹിക്കാൻ കഴിയും.

ലോകത്തിന് മാതൃകയായ കേരളത്തിന്റെ സാമൂഹിക വികസന നേട്ടങ്ങൾ സംരക്ഷിച്ചു കൊണ്ട്, സാമൂഹിക നീതിയിൽ ചുവടുറപ്പിച്ച് നമുക്ക് വികസനത്തിന്റെ പടവുകൾ കയറാം. പുതിയ ഭരണസമിതികൾക്ക് അഭിനന്ദനങ്ങൾ!

**ഈ പദ്ധതി വിജയിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. കുടുംബശ്രീ വഴി പ്രാദേശികമായി തൊഴിലന്വേഷകരെ കണ്ടെത്തി അവരെ കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിൽ മുൻകൈയെടുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്.**



**എം ബി രാജേഷ്**
ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി





# കേരളത്തെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ഒന്നിക്കാം



പ്രാദേശിക സർക്കാരുകളുടെ പുതിയ സാരഥികളെയും എല്ലാ ജനപ്രതിനിധികളേയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. ഇനിയുള്ള അഞ്ച് വർഷം കേരളത്തിന്റെ സമഗ്രമായ വികസനത്തിൽ സജീവവും നേതൃത്വപരവുമായ പങ്കു വഹിക്കേണ്ടവരാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ജനപ്രതിനിധികൾ. രാഷ്ട്രീയ മത്സരം തെര ഞ്ഞെടുപ്പോടെ കഴിഞ്ഞു. ഇനി കക്ഷിരാഷ്ട്രീയ വ്യത്യാസം മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കാനുള്ള അവസരമാണ്. ലഭ്യമായ അധികാരവും ഫണ്ടും ജനാധിപത്യപരമായും ജനോപ കാരപ്രദമായും വിനിയോഗിച്ച് വിവേചനരഹിതമായി പ്രവർത്തി ക്കേണ്ട കാലം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ പിന്തുണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകും.

കേരളം ഇതിനകം കൈവരിച്ച നേട്ടങ്ങളും മികവുകളും നന്മകളും നഷ്ടപ്പെടാതെ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കാനും പുതിയ നേട്ടങ്ങൾ സൃഷ്ടിക്കാനുമാണ് നമ്മൾ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത്. അഞ്ച് വർഷം മുമ്പുള്ള കേരളമല്ല ഇന്ന് നാം കാണുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ര വർത്തനത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. കെ- സ്മാർട്ട് എന്ന പുതിയ സാങ്കേതിക സംവിധാനത്തിലൂടെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനിൽ വളരെ വേഗം ലഭിക്കുന്നു. ഇത് തദ്ദേശ സ്ഥാപനങ്ങളും ജനങ്ങളും തമ്മിലുള്ള ബന്ധം വളരെയേറെ മെച്ചപ്പെടുത്തിയിട്ടുണ്ട്.

ലോകത്ത് ചൈന കഴിഞ്ഞാൽ അതിദാരിദ്ര്യമില്ലാത്ത മറ്റൊരു പ്രദേശമായി കേരളം മാറിയത് 2025ലെ കേരളപ്പിറവി ദിനത്തിലാണ്. ഇത് സവിശേഷമായ ഒരു നേട്ടമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് ബൃഹത്തായ അതിദാരിദ്ര്യ നിർമാർജന പ്രവർത്തനം ന ടത്തിയത്.




ലൈഫ് ഭവന പദ്ധതി പ്രകാരം ഇതിനകം നാലേ മുക്കാൽ ലക്ഷത്തിലധികം ആളുകൾക്ക് വീടുകൾ നിർമിച്ച് ന ൽകിക്കഴിഞ്ഞു. 2026 ഫെബ്രുവരിയോടെ അഞ്ച് ലക്ഷം വീടുകൾ എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. 2017-18 മുതൽ 2025 ഒക്ടോബർ 16 വരെ 18573.61 കോടി രൂപ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചു. ഇതിൽ കേന്ദ്രസർക്കാരിൻറെ വിഹിതം 2301.05 കോടി രൂപ മാത്രമാണ്. പാവപ്പെട്ടവരുടെ ഭവന നിർമ്മാണത്തിനായി രാജ്യത്തെ ഏറ്റവും ഉയർന്ന സബ്സിഡി തുകയാണ് കേരളം നൽകുന്നത്. ദുർഘട പ്രദേശങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 6 ലക്ഷം രൂപ യും മറ്റുള്ളവർക്ക് നാലുലക്ഷം രൂപയുമാണ് നൽകുന്നത്.

കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് മാലിന്യമുക്തം ന വകേരളം എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ ഏറെ മുന്നേറിക്കഴിഞ്ഞു. മാലിന്യമുക്തമായ പുതിയ കേരളം സൃഷ്ടിക്കുകയെന്ന ക്ലേശകരവും എന്നാൽ നിശ്ചയദാർഢ്യം കൊണ്ട് നേടാൻ കഴിഞ്ഞതുമായ ദൗത്യം പ്രാദേശിക സർക്കാരുകളുടെ കരുത്തിലാണ് നടന്നത്. 2025 മാർച്ച് 30 ന് കേരളത്തിലെ 90 ശതമാനത്തിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യമുക്തമായി പ്രഖ്യാപിച്ചു. സുശക്തമായ സംവിധാനങ്ങൾ ഒരുക്കിയാണ് ഇത് സാധ്യമാക്കിയത്. 38000ത്തിലധികം പേ രടങ്ങുന്ന ഹരിത കർമ്മസേന കേരളത്തിന്റെ ശുചിത്വ സേന




യായി മാറി. ശക്തമായ മോണിട്ടറിങ് സംവിധാനവും ജനങ്ങളുടെ മനോഭാവത്തിൽ കാര്യമായ മാറ്റമുണ്ടാക്കി. എന്നാൽ ഇനിയുമേറെ ചെയ്യാനുണ്ട്. ബ്രഹ്മപുരത്തെ മാലിന്യക്കൂന ഇല്ലാതാക്കി. ഗുരുവായൂർ, ലാലൂർ, കൊല്ലം കുരീപ്പുഴ എന്നിവിടങ്ങളിലടക്കം കേരളത്തിലെ 24 മാലിന്യമലകൾ ബയോമൈനിങ്ങിലൂടെ ഇല്ലാതാക്കി.

ഇപ്പോൾ ഏറെക്കുറെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ മാലിന്യ പരിപാലന സംവിധാനമുണ്ട്. ഇത് കൂടുതൽ മെച്ചപ്പെടുത്തി സുസ്ഥിരമായി നിലനിർത്താൻ ജാഗ്രതയോടെ സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും രംഗത്തുണ്ട്. അതിന് സുസ്ഥിര സ്വഭാവം കൈവരുത്തുകയും പുതിയ മാതൃകകൾ സൃഷ്ടിക്കുകയും വേണം.

അധികാരവികേന്ദ്രീകരണം, ജനപങ്കാളിത്തത്തിലൂടെയുള്ള ആസൂത്രണം, പ്രാദേശിക ഭരണ സംവിധാനങ്ങളുടെ മികവ് എന്നിവയിൽ ഇന്ത്യക്ക് എക്കാലത്തും മാതൃകയാണ് കേരളം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായിട്ടാണ് കണക്കാക്കപ്പെടുന്നത്. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ മികച്ച പ്രവർത്തനം നടത്താൻ എല്ലാ പിന്തുണയും സഹായങ്ങളും സംസ്ഥാന സർക്കാർ നൽകി വരുന്നു. ജനാധിപത്യപരമായി അധികാരങ്ങളും വിഭവങ്ങളും കൈമാറി നൽകുകയെന്നത് ഇതിനുള്ള മുന്നുപാധിയാണ്. ഇക്കാര്യത്തിൽ സർക്കാർ പ്രശംസനീയമായ നിലപാടാണ് സ്വീകരിക്കുന്നത്.

വിഖ്യാതമായ കേരള വികസന മാതൃകയെ രൂപപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിച്ചു. ഗ്രാമങ്ങളിൽ വരെ പടർന്നു കിടക്കുന്ന ശക്തമായ രാഷ്ട്രീയ-സാമൂഹ്യ സംവിധാനങ്ങളിലൂടെ, സമത്വത്തിലും സാമൂഹ്യ നീതിയിലുമധിഷ്ഠിതമായ ആശയങ്ങൾ കേരളം പ്രയോഗത്തിൽ വരുത്തിയത് പ്രാദേശിക സർക്കാരുകളുടെ പങ്കാളിത്തത്തോടെയാണ്. സമ്പൂർണ സാക്ഷരത, വികേന്ദ്രീകൃത ആസൂത്രണം, കുടുംബശ്രീ, ലൈഫ്, ഡിജി കേരളം, മാലിന്യമുക്തം നവകേരളം, ഏറ്റവുമൊടുവിൽ അതിദാരിദ്ര്യ നിർമ്മാർജ്ജനം വരെ സുപ്രധാനമായ ഒട്ടനവധി നേട്ടങ്ങൾ ഈ പങ്കാളിത്തത്തിന് ഉദാഹരണങ്ങളാണ്.

ജനാധിപത്യം അർഥവത്താകുന്നത് താഴെത്തട്ടിലെ ജനങ്ങൾക്ക് വരെ അത് അനുഭവവേദ്യമാവുകയും അതിൽ പങ്കാളിത്തം വഹിക്കാൻ അവസരം ലഭിക്കുകയും ചെയ്യുമ്പോഴാണ്. ഈ കാഴ്ചപ്പാടോടെയാണ് കേരളത്തിൽ പ്രാദേശിക ഭരണം വികസിപ്പിച്ചത്. ഇതിനായി നിയമനിർമാണം മുതൽ ശക്തമായ സാമ്പത്തിക പിന്തുണ വരെ നൽകി പ്രാദേശിക സർക്കാരുകളെ ശാക്തീകരിച്ചു. തങ്ങളുടെ പ്രദേശത്ത് എന്തൊക്കെ വികസനപ്രവർത്തനം എങ്ങനെയൊക്കെ നടത്തണം, ഗുണഭോക്താക്കൾ ആരൊക്കെയാകണം തുടങ്ങിയ കാര്യങ്ങളിൽ സാധാരണ മനുഷ്യർക്ക് അഭിപ്രായം പറയാനും തീരുമാനമെടുക്കാനും കഴിയുന്ന ഇടങ്ങളായി ഗ്രാമസഭകൾ കേരളത്തിൽ പരിണമിച്ചിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിലൂടെ ഏറ്റവും താഴേ തട്ടിലെ ജനങ്ങൾ വരെ അധികാര പ്രക്രിയയിൽ പങ്കാളിയാവുന്നതാണ് കേരളത്തിന്റെ അനുഭവം. ഇതിന് മെച്ചപ്പെട്ട തുടർച്ചയുണ്ടാകണം. അക്കാര്യത്തിൽ പുതിയ ജനപ്രതിനിധികൾ മുൻകയ്യെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിഭവങ്ങൾ മുഴുവൻ കേന്ദ്രീകരിച്ച് കയ്യടക്കി വെക്കുകയെന്ന ഏകാധിപത്യ സമീപനത്തിനു പകരം താഴേക്ക് പങ്കുവെക്കുകയെന്നതാണ് കേരളത്തിന്റെ നയം. 1996 ൽ അധികാരത്തിലെത്തിയ സർക്കാർ ഇക്കാര്യത്തിൽ വിപ്ലവകരമായ തുടക്കം കുറിച്ചു. 2025-26ൽ സംസ്ഥാന ബജറ്റ് അടങ്കലിന്റെ 28.35 ശതമാനമാണ് പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയത്. 2011-12 മുതൽ 2015-16 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിയത് 29500 കോടി രൂപയാണ്. എന്നാൽ 2016-17 മുതൽ 2020-21 വരെയുള്ള അഞ്ച് വർഷം 52648.39 കോടി രൂപയും 2021-22 മുതൽ 2025-26 വരെ 70526.77 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി. 2016-17 മുതലുള്ള 10 വർഷം കൊണ്ട് 123175.16 കോടി രൂപ നൽകി. ഇതിനു പുറമെ പ്രാദേശിക സർക്കാരുകൾക്ക് തനത് വരുമാനം കണ്ടെത്താനും അത് വിനിയോഗിക്കാനുമുള്ള പിന്തുണ സംസ്ഥാന സർക്കാർ നൽകുന്നു.

തദ്ദേശ റോഡുകളുടെ ജിഐഎസ് അധിഷ്ഠിത വിവരശേഖരണം ചരിത്രത്തിൽ ആദ്യമായി പൂർത്തിയാക്കി തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ പൂർത്തിയാക്കി. സംസ്ഥാനത്താകെ ഗ്രാമ പഞ്ചായത്ത്, നഗരസഭ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ ഉടമസ്ഥതയിൽ ആകെ 155840. 119 കി.മീ റോഡുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തി. ഈ റോഡ് ഡാറ്റ ഉപയോഗപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റ് നേടാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയുന്നു. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് റോഡ് പ്രവൃത്തികൾക്ക് മാത്രമായി 8867.07 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

കേരളം ഇതിനകം ആർജിച്ച വിശ്വവിഖ്യാതമായ വികസന നേട്ടങ്ങൾക്കിടയിലും വിദ്യാസമ്പന്നർക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മ ഒരു പ്രശ്നമായി തുടരുകയാണ്. ഇത് പരിഹരിക്കാനും പ്രാദേശികമായ സാമ്പത്തിക പ്രവർത്തനം വർധിപ്പിക്കാനും കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം) രൂപീകരികരിച്ചത്. വിജ്ഞാന തൊഴിൽമേഖലയെ വികസിപ്പിച്ച് കേരളത്തിലെ വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നത് നോളജ് ഇക്കോണമി മിഷന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കെ-ഡിസ്കുമായി ചേർന്ന് 167254 തൊഴിലുകൾ കണ്ടെത്തുകയും 75548 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. നൈപുണ്യം ആവശ്യമായ തൊഴിലുകളിൽ പരിശീലനം നൽകാനും സംവിധാനങ്ങൾ ഏർപ്പെടുത്തി.




കേരളത്തിലെ വർധിച്ചുവരുന്ന നഗരവൽക്കരണം നിരവധി പുതിയ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഇവയെ ശാസ്ത്രീയമായും ജനപക്ഷത്തുനിന്നും നേരിടാൻ സമഗ്രമായ നഗരനയം രൂപീകരിക്കുകയാണ്. ഇതിനായി റിപ്പോർട്ട് നൽകാൻ നിയോഗിച്ച നഗര നയ കമ്മീഷൻ 2025 മാർച്ച് 30 ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്മേൽ ചർച്ച നടത്താനായി സെപ്റ്റംബർ 12, 13 തീയതികളിൽ കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് സംഘടിപ്പിച്ചു. കമ്മീഷൻ ശുപാർശകളിൽ മെട്രോപോളിറ്റൻ കമ്മിറ്റികൾ, മുൻസിപ്പൽ ബോണ്ട് എന്നിവ നടപ്പാക്കുമെന്ന് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു കഴിഞ്ഞു. 93 നഗരഭരണ പ്രദേശങ്ങളിൽ മാസ്റ്റർ പ്ലാൻ രൂപീകരണ പ്രവർത്തനം തുടങ്ങി. 48 നഗരസഭകളിലെ മാസ്റ്റർ പ്ലാനിന് അന്തിമാനുമതി ലഭിച്ചു.

പഞ്ചായത്ത്, ഗ്രാമവികസനം, നഗര കാര്യം, നഗരഗ്രാമാസൂത്രണം, എൻജിനീയറിങ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം യാഥാർത്ഥ്യമാക്കി. തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം 2022 മുതൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റി. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പിഎസ്‌സി വഴി 8708 പേരെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമിക്കാൻ കഴിഞ്ഞതും വലിയൊരു നേട്ടമാണ്.

പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ എന്നിവയെ നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ പ്രാപ്തമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

കേരളത്തിലെ സ്ത്രീ ശാക്തീകരണ, ദാരിദ്ര്യ നിർമാർജന രംഗങ്ങളിൽ അത്ഭുതകരമായ ഫലങ്ങൾ ഉണ്ടാക്കിയ കുടുംബശ്രീയുടെ നേതൃത്വത്തിൽ 105504 സംരംഭ യൂണിറ്റുകൾ ആരംഭിച്ചു. ഇതുവഴി 1.9 ലക്ഷം അയൽക്കൂട്ട കുടുംബങ്ങൾക്ക് ഉപജീവനം ലഭ്യമായി. 2024-25 ൽ കെ ലിഫ്റ്റ് ഉപജീവന ക്യാമ്പയിന്റെ ഭാഗമായി 360862 പേർക്ക് ഉപജീവനമാർഗം നൽകി. കാർഷിക മേഖലയിൽ 108195 വനിതകൾ മുഖേന 21457.13 ഹെക്ടറിൽ കൃഷി ആരംഭിച്ചു.

നവകേരളത്തെ യാഥാർഥ്യമാക്കാനുള്ള ഇത്തരം നിരവധി പ്രവർത്തനങ്ങളിൽ സുപ്രധാന പങ്കു വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ കരുത്തും മികവും ദൃശ്യമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നത്. നവകേരളത്തെ പുതിയ ഉയരങ്ങളിലെത്തിക്കാനും വരുംകാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാനും പ്രാദേശിക സർക്കാരുകളുടെ പുതിയ ജനപ്രതിനിധികൾക്ക് കഴിയട്ടെ. അതിന് സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും എല്ലാ പിന്തുണയും സഹായവും ഉണ്ടാകും.

വിനോദ് ഡാനിയൽ



# ചുമതലകൾ അറിയുക

ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം എന്ന് വിശേഷിപ്പിക്കാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതിയ ഭരണസമിതികൾ അധികാരത്തിൽ വരികയാണ്. അധികാര വികേന്ദ്രീകരണം ലക്ഷ്യം വച്ച് പഞ്ചായത്ത്‌രാജ് നഗരപാലിക നിയമങ്ങൾ രൂപീകരിച്ച ശേഷം നിലവിൽ വരുന്ന ഏഴാമത്തെ ഭരണസമിതികളാണ് ഇപ്പോൾ അധികാരം ഏറ്റിരിക്കുന്നത്. സാർവത്രിക ജനാധിപത്യം എന്ന മഹത്തായ ആശയം ലക്ഷ്യം വയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കേരളത്തിലെ പ്രവർത്തനം ഇന്ന് ലോകത്തിനു തന്നെ മാതൃകയാണ്. ആ മഹത്തായ മാതൃക പിന്തുടരാൻ തിരഞ്ഞെടുക്കപ്പെട്ടു വന്നിരിക്കുന്ന എല്ലാ ജനപ്രതിനിധികൾക്കും അഭിനന്ദനങ്ങൾ.

ഇന്ത്യൻ ഭരണഘടനയുടെ 73- ഉം (പഞ്ചായത്ത് രാജ്) 74- ഉം (നഗരപാലിക) ഭേദഗതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവിയും അധികാരവും നൽകുന്നത്. 73-ാം ഭേദഗതി ഭരണഘടനയുടെ ഒൻപതാം ഭാഗത്ത് ഉൾപ്പെടുത്തി, ത്രിതല പഞ്ചായത്ത് സംവിധാനം ഉറപ്പാക്കി (ഗ്രാമ/ ബ്ലോക്ക്/ ജില്ല) ഗ്രാമവികസനത്തിനായുള്ള 29 വിഷയങ്ങളിൽ നിയമപരമായി അധികാരം നൽകുന്നു. 74-ാം ഭേദഗതി ഭരണഘടനയുടെ ഒൻപതാം (A) ഭാഗത്ത് ഉൾപ്പെടുത്തി, നഗരപ്രദേശങ്ങളിലെ (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) ഭരണത്തിന് വഴിയൊരുക്കി, നഗരവികസനത്തിനായുള്ള 18 വിഷയങ്ങളിൽ അധികാരം നൽകുന്നു. ഈ കേന്ദ്ര നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനവും സ്വന്തമായി നിയമങ്ങൾ നിർമ്മിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ നിലവിൽ വരികയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാഗ്നാകാർട്ട എന്ന നിലയിൽ അത് അറിയപ്പെടുകയും ചെയ്യുന്നു. ഈ

> **“കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ നിലവിൽ വരികയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാഗ്നാകാർട്ട എന്ന നിലയിൽ അത് അറിയപ്പെടുകയും ചെയ്യുന്നു. ആ നിയമ ചട്ടക്കൂടിനുള്ളിലാണ് ജനപ്രതിനിധികൾ പ്രവർത്തിക്കുന്നത്.”**

നിയമ ചട്ടക്കൂടിനുള്ളിലാണ് ജനപ്രതിനിധികൾ പ്രവർത്തിക്കുന്നത്.

വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനായി വാർഡ്/ഡിവിഷൻ സഭകൾ, ഗ്രാമസഭകൾ എന്നിവ യഥാസമയം വിളിച്ചു ചേർത്ത് ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി, വികസന പദ്ധതികൾ (Local Area Plan) തയ്യാറാക്കുന്നതിൽ ജനപ്രതിനിധിയുടെ ചുമതലകൾ ആരംഭിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശിക വിഭവ ലഭ്യതയുടെ സാധ്യതകളും വിലയിരുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റു വിഹിതത്തിന് അനുസൃതമായി മുൻഗണന ക്രമം നിശ്ചയിച്ചു ആസൂത്രണം ചെയ്താണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും കാലാകാലങ്ങളിൽ അതിനായുള്ള ഗ്രാൻഡുകൾ (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻഡുകൾ ഉൾപ്പെടെ) ഫലപ്രദമായി വിനിയോഗിക്കാൻ മേൽനോട്ടം വഹിക്കുക എന്നതും ഒരു ജനപ്രതിനിധിയുടെ ബാധ്യതയാണ്. സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളും ആനുകൂല്യങ്ങളും (പെൻഷനുകൾ, ലൈഫ് മിഷൻ പോലുള്ള ഭവന പദ്ധതികൾ, ആരോഗ്യ-വിദ്യാഭ്യാസ പദ്ധതികൾ, വിവിധ സർവ്വേകൾ) അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ജനപ്രതിനിധികൾ ഉറപ്പാക്കുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപന ചട്ടങ്ങൾക്കനുസരിച്ച് സുതാര്യമാണെന്ന് ജനപ്രതിനിധി ഉറപ്പുവരുത്തുന്നു.

ഒരു ജനപ്രതിനിധി നിർബന്ധമായും ശ്രദ്ധിക്കേണ്ട ചില ഭരണഘടനാ സ്ഥാപനങ്ങൾ നോക്കാം.

## 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഈ കമ്മീഷനാണ്. ജനപ്രാതിനിധ്യ വ്യവസ്ഥകൾ പ്രകാരം അംഗത്വം സംബന്ധിച്ച വ്യവഹാരങ്ങൾക്ക് പരമമായ തീർപ്പുകൽപ്പിക്കപ്പെടുന്നത് ഇവിടെ നിന്നുമാണ്.

## 2. സംസ്ഥാന ധനകാര്യ കമ്മീഷൻ

സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും തമ്മിലുള്ള നികുതി വിഹിതം, ഗ്രാൻഡുകൾ എന്നിവ നിർണ്ണയിക്കുന്ന സുപ്രധാന സമിതിയാണിത്. ഇതിന്റെ ശുപാർശകൾ പ്രാദേശിക ഭരണകൂടങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സ്വാധീനിക്കുന്നു.

## 3. ജില്ലാ ആസൂത്രണ സമിതി (DPC)

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ മുഴുവൻ പദ്ധതികളും മാനദണ്ഡങ്ങൾക്ക് അനുസൃതമായി തന്നെയാണോ എന്ന് പരിശോധിക്കുന്നത് ഈ സമിതിയാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംവിധാനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും അടങ്ങുന്നതാണ് ഈ സമിതി. എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും എല്ലാ വികസന പദ്ധതികൾക്കും അംഗീകാരം നൽകുന്നത് ഈ സമിതിയാണിത്.

## 4. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പദ്ധതികൾക്കായുള്ള പൊതു മാർഗരേഖകളും സബ്സിഡി മാർഗ്ഗരേഖകളും ആസൂത്രണം ചെയ്യുന്നതും പുറപ്പെടുവിക്കുന്നതും ഈ സമിതിയാണ്.

## 5. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം

> ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശിക വിഭവ ലഭ്യതയുടെ സാധ്യതകളും വിലയിരുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റു വിഹിതത്തിന് അനുസൃതമായി മുൻഗണന ക്രമം നിശ്ചയിച്ചു ആസൂത്രണം ചെയ്താണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിക്ക് പുറമേയുള്ള ഏതെങ്കിലും പദ്ധതികൾ അനിവാര്യമാണെന്ന് തോന്നി ആസൂത്രണം ചെയ്യപ്പെടുകയാണെങ്കിൽ, അത്തരം വിഷയങ്ങൾ അടങ്ങുന്ന പദ്ധതികൾ കോഡിനേഷൻ സമിതിക്ക് മുമ്പാകെ എത്തുന്നത് ഈ സമിതി മുഖേനയാണ്.

## 6. KILA (Kerala Institute of Local Administration)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും സംബന്ധിച്ച അവബോധവും പരിശീലനങ്ങളും ജനപ്രതിനിധികൾക്ക് നൽകുന്നതാണ് ഈ സ്ഥാപനം. തൃശൂർ

ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിന് തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

## 7. ഓംബുഡ്സ്മാൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ പ്രവർത്തനങ്ങളുടെയും നിയമപരമായ വ്യവഹാരങ്ങളുടെ തീർപ്പ് ഇവിടെയാണ്. ഒരു ജനപ്രതിനിധി എന്ന നിലയിൽ ഏതൊരു അംഗത്തിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതികൾ ഓംബുഡ്സ്മാന്റെ മുന്നിൽ കൊണ്ടു വരുന്നതിന് ഒരു പൗരന് അവകാശമുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്ന നിലയിൽ അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഇല്ല. ഭരണസമിതിയിലെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നതിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികവ്. ആ മികവിൽ എത്തിച്ചേരാൻ ജനപ്രതിനിധികൾ പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളും, ഭരണപരമായ ചട്ടങ്ങളും നിരന്തരം പഠിക്കാൻ ശ്രമിക്കണം. ജനപ്രതിനിധികളുടെ അധികാര പരിധി, ഫണ്ടുകളുടെ ഉപയോഗം, സാമൂഹിക ചുമതലകൾ, കമ്മറ്റികളെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ തുടങ്ങിയവയിൽ അവർക്ക് വ്യക്തമായ ധാരണയുണ്ടായിരിക്കണം.

## 8. സ്റ്റാന്റിങ് കമ്മിറ്റികൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നതിൽ വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെ പങ്ക് നിർണ്ണായകമാണ്. പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാൻഡിങ് കമ്മിറ്റികൾ താഴെ പറയുന്നവയാണ്.

### (എ) ഗ്രാമപഞ്ചായത്തും ബ്ലോക്ക്പഞ്ചായത്തും (നാല് സ്റ്റാന്റിങ് കമ്മിറ്റികൾ)

1) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി
2) വികസന സ്റ്റാന്റിങ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി
4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

### ബി) ജില്ലാ പഞ്ചായത്ത് (അഞ്ച് സ്റ്റാന്റിങ് കമ്മിറ്റികൾ)

1) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി
2) വികസന സ്റ്റാന്റിങ് കമ്മിറ്റി
3) പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി
4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ് കമ്മിറ്റി
5) ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി

### (സി) മുനിസിപ്പൽ കൗൺസിൽ (ആറ് സ്റ്റാന്റിങ് കമ്മിറ്റികൾ)

1) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി
2) വികസന സ്റ്റാന്റിങ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി
4) ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി
5) മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി
6) വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിങ് കമ്മിറ്റി

### (ഡി) മുനിസിപ്പൽ കോർപ്പറേഷൻ (എട്ട് സ്റ്റാന്റിങ് കമ്മിറ്റികൾ)

1) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി
2) വികസന സ്റ്റാന്റിങ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി
4) ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി
5) മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി
6) നഗരാസൂത്രണ കാര്യ സ്റ്റാന്റിങ് കമ്മിറ്റി
7) നികുതി അപ്പീൽകാര്യ സ്റ്റാന്റിങ് കമ്മിറ്റി
8) വിദ്യാഭ്യാസ, കായിക കാര്യ സ്റ്റാന്റിങ് കമ്മിറ്റി

ഒരു പഞ്ചായത്തിലെ / മുനിസിപ്പൽ കൗൺസിലിലെ / മുനിസിപ്പൽ കോർപ്പറേഷനിലെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ കമ്മിറ്റിയിലേയും അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻ ഒഴികെ തിരഞ്ഞെടുക്കപ്പെട്ട ഏതൊരു അംഗവും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും. ഉപാധ്യക്ഷൻ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ അംഗവും ചെയർമാനും ആയിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ അവരുടെ അധികാരപരിധിയിലെ ജനങ്ങളുടെ ക്ഷേമത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും (Sustainable Development) കാവൽക്കാരാണ്.

കക്ഷി രാഷ്ട്രീയ, ജാതി – മത പരിഗണനകൾ ഇല്ലാതെ, എല്ലാ പൗരന്മാർക്കും ഭരണപരവും വികസനപരവുമായ സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കലാണ് അവരുടെ കടമ. ഗ്രാമസഭ/വാർഡ് സഭ വഴി സാധാരണ ജനങ്ങളുടെ അഭിപ്രായങ്ങളെയും ആവശ്യങ്ങളെയും അവർ ഉൾക്കൊള്ളണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസ്ഥിതി (ബഡ്ജറ്റ്), പദ്ധതി വിഹിതം, ചെലവഴിച്ച തുക, ഗുണഭോക്താക്കൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സമയാസമയങ്ങളിൽ

മനസ്സിലാക്കി ആവശ്യമായ ഇടപെലുകൾ നടത്തണം.

അടുത്ത തലമുറകൾക്ക് വേണ്ടി പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും ജനപ്രതിനിധികളുടെ സാമൂഹിക ബാധ്യതയുമാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദപരവുമായിരിക്കണം. മണ്ണ്, ജലം, വായു എന്നിവയുടെ മലിനീകരണം തടയുന്നതിനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അവർ ചുമതലാ ബോധത്തോടെ നേതൃത്വം നൽകണം. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതികൾ (Scientific Methods of Waste Management) നടപ്പിലാക്കുകയും ജനങ്ങളെ അതിൽ പങ്കാളികളാക്കുകയും ചെയ്യണം. അതോടൊപ്പം, തദ്ദേശ സ്ഥാപനത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യമുള്ള നിർമ്മിതികളും സ്ഥലങ്ങളും സംരക്ഷിക്കുന്നതിലും മുൻകൈ എടുക്കണം. ജനപ്രതിനിധികൾ അവരുടെ സാമൂഹിക പ്രതിബദ്ധത നിറവേറ്റുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ വിശ്വാസ്യതയുള്ളതും ഫലപ്രദവുമായ ഭരണസംവിധാനമായി മാറുന്നു. മാനവിക വികസന സൂചികകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ലോകരാജ്യങ്ങൾക്കൊപ്പം നമ്മുടെ കൊച്ചു സംസ്ഥാനവും എത്തിക്കൊണ്ടിരിക്കുകയാണ്. ഉയർന്ന വികസന ലക്ഷ്യങ്ങളിലേക്ക് നമ്മുടെ കേരളം ചുവടുവെക്കുമ്പോൾ തങ്ങളുടെ പ്രദേശത്തെ പ്രതിനിധാനം ചെയ്തു നിർണായക തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അസുലഭ മുഹൂർത്തമാണ് പുതിയ ജനപ്രതിനിധികൾക്ക് ലഭിച്ചിരിക്കുന്നത്.



> **“അടുത്ത തലമുറകൾക്ക് വേണ്ടി പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും ജനപ്രതിനിധികളുടെ സാമൂഹിക ബാധ്യതയുമാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദപരവുമായിരിക്കണം.”**

**ജെറോമിക് ജോർജ്ജ് ഐ.എ.എസ്.**
പ്രിൻസിപ്പൽ ഡയറക്ടർ

# മാലിന്യവിമുക്തമായ തദ്ദേശസ്വയംഭരണ സ്ഥാപനം

## ജനപ്രതിനിധികളുടെയും ഭരണസമിതികളുടെയും മുഖ്യകടമ

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പുതിയ ഭരണസമിതികൾ അധികാരമേറ്റെടുക്കുമ്പോൾ അവയ്ക്ക് മുന്നിലുള്ള ഏറ്റവും വലിയ ഉത്തരവാദിത്തമാണ് തങ്ങളുടെ വാർഡിലെയും തദ്ദേശസ്ഥാപനത്തിലെയും മാലിന്യപരിപാലനവും മികച്ച ശുചിത്വ നിലവാരം ഉറപ്പാക്കുക എന്നത്. ശുചിത്വ പരിപാലനം കേവലം ഒരു പദ്ധതിയല്ല, മറിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയമപരമായ കടമയും ജനങ്ങളുടെ ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ട വിഷയവുമാണ്.

ഒരു ജനപ്രതിനിധിയുടെ വിജയം തന്റെ വാർഡോ തദ്ദേശസ്ഥാപനമോ എത്രത്തോളം വൃത്തിയുള്ളതാണ് എന്നതിനെ കൂടി ആശ്രയിച്ചിരിക്കുമല്ലോ. വരുംതലമുറയ്ക്ക് ശുദ്ധമായ വായുവും ജലവും മണ്ണും നൽകുക എന്നത് ഭരണസമിതികളുടെ രാഷ്ട്രീയ ദർശനത്തിന്റെ ഭാഗമാകണം. ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ടുള്ള ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതിയിലൂടെ കേരളത്തെ ലോകത്തിന് മാതൃകയാക്കാൻ പുതിയ ഭരണസമിതികൾക്ക് കീഴിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധിക്കും.

### നേട്ടങ്ങൾക്ക് തുടർച്ചയുണ്ടാകണം.

മാലിന്യ സംസ്കരണ രംഗത്ത് ഇന്ന് കേരളം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ഒരു വർഷം മുൻപുവരെ ദേശീയ നഗര ശുചിത്വ റാങ്കിങ്ങിൽ ആദ്യത്തെ ആയിരത്തിൽ കേരളത്തിലെ നഗരങ്ങളിൽ ഒന്നുപോലും ഉണ്ടായിരുന്നില്ല. എന്നാൽ ഒറ്റവർഷം കൊണ്ട് കഥ മാറി. രാജ്യത്തെ ഏറ്റവും വലിയ നഗര ശുചിത്വ സർവേയായ സ്വച്ഛ് സർവേക്ഷൺ 24 ൽ കേരളത്തിൽ ആകെയുള്ള 93 നഗരസഭകളിൽ 84 – ഉം ആദ്യ 1000 റാങ്കിനുള്ളിൽ ഇടംനേടി! അതിൽ എട്ടു നഗരങ്ങൾ, ആദ്യ നൂറിൽ ഇടംപിടിച്ചു.

സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, കേരള ഖരമാലിന്യപരിപാലന





പദ്ധതി തുടങ്ങി കുടുംബശ്രീ ഉൾപ്പെടെയുള്ള ഈ രംഗത്തെ ഏജൻസികളുടെയും ദൃഢനിശ്ചയവും ഏകോപിതമായ പ്രവർത്തനങ്ങളും സർവോപരി ജനപങ്കാളിത്തവുമാണ് കേരളത്തിന്റെ മാലിന്യ നിർമാർജനത്തിലെ ഈ ചരിത്രനേട്ടത്തിന് പിന്നിൽ. എന്തായിരുന്നു അതിന്റെ സവിശേഷതകൾ? വികേന്ദ്രീകൃത മാലിന്യ സംസ്കരണമാണ് മാലിന്യ സംസ്കരണ രംഗത്ത് കേരളം സ്വീകരിച്ച ശ്രദ്ധേയമായ മാതൃകയുടെ ആണിക്കല്ല് - മാലിന്യം പരമാവധി അതിന്റെ ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക. ഇതനുസരിച്ച് വീടുകളിലായാലും സ്ഥാപനങ്ങളിലായാലും വ്യാപാര കേന്ദ്രങ്ങളിലായാലും ഇവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അവിടെ വച്ചുതന്നെ ജൈവ, അജൈവ വസ്തുക്കളായി തരംതിരിക്കുക എന്നതാണ് പ്രധാനം.

വീടുകളിലെ ജൈവമാലിന്യങ്ങൾ ബയോ ബിൻ, ബയോഗ്യാസ് പ്ലാൻറ് അല്ലെങ്കിൽ മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ച് അവിടെത്തന്നെ സംസ്കരിക്കുന്നു. സ്ഥാപനങ്ങളിലെയും വ്യാപാര കേന്ദ്രങ്ങളിലെയും വലിയ ചടങ്ങുകളിലെയും മാലിന്യങ്ങൾ ഈ രംഗത്തെ വിവിധ ഏജൻസികൾക്ക് നൽകുകയോ തുമ്പൂർമൂഴി പോലുള്ള പ്രാദേശിക വികേന്ദ്രീകൃത സംവിധാനങ്ങളിൽ എത്തിച്ചു സംസ്കരിക്കുകയോ ചെയ്യുന്നു.

എന്നാൽ വലിയ സ്ഥാപനങ്ങൾ, ചടങ്ങുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ വികേന്ദ്രീകൃത സംവിധാനങ്ങൾക്കൊപ്പം കേന്ദ്രീകൃത സംവിധാനങ്ങളും ആവശ്യമുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങളും നിലവിൽ വരികയാണ്. ബ്രഹ്മപുരത്തെ സിബിജി പ്ലാന്റ് വൈകാതെ പ്രവർത്തനക്ഷമമാകും. അത്തരത്തിൽ വികേന്ദ്രീകൃത - കേന്ദ്രീകൃത രീതികൾ സമഞ്ജസമായി യോജിക്കുന്ന ഒരു ഹൈബ്രിഡ് സംവിധാനമാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാകുന്നത്.

**അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നത് ഹരിതകർമ സേനയാണല്ലോ. കഴിഞ്ഞ ആറേഴ് വർഷത്തെ പ്രവർത്തനങ്ങളിലൂടെ ഹരിത കർമ്മസേന ഇന്ന് കേരളത്തിന്റെ ശുചിത്വ സൈന്യമായി മാറിയിട്ടുണ്ട്.**

അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നത് ഹരിതകർമ സേനയാണല്ലോ. കഴിഞ്ഞ ആറേഴ് വർഷത്തെ പ്രവർത്തനങ്ങളിലൂടെ ഹരിത കർമ്മസേന ഇന്ന് കേരളത്തിന്റെ ശുചിത്വ സൈന്യമായി മാറിയിട്ടുണ്ട്. പ്ലാസ്റ്റിക്കിനൊപ്പം ഇലക്ട്രോണിക്, ഇലക്ട്രിക് വേസ്റ്റ്, ചെരുപ്പ്, ബാഗ്, തുണി തുടങ്ങി എല്ലാ അജൈവമാലിന്യങ്ങളും ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ വ്യാപകവും കൂടുതൽ ശക്തവുമാക്കിക്കൊണ്ടിരിക്കുകയാണ് തദ്ദേശസ്ഥാപനങ്ങളും ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും. ഹരിതമിത്രം എന്ന മൊബൈൽ ആപ്പ് വഴി ഇതിനെ ഡിജിറ്റലായി മോണിറ്റർ ചെയ്യുന്നുമുണ്ട്. ഇതോടൊപ്പം സാനിട്ടറി മാലിന്യങ്ങൾ പൂർണമായും കൈകാര്യം ചെയ്യാൻ

കഴിയും വിധം കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലായി 120 TPD (Tonnes Per Day) കപ്പാസിറ്റിയുള്ള പ്ലാന്റുകൾ വരികയാണ്. മുടിമാലിന്യം, അറവുമാലിന്യം, കെട്ടിടം പൊളിക്കൽ - നിർമാണ മാലിന്യങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള പദ്ധതികളും നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഈ നേട്ടങ്ങളെ നിലനിറുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാവണം തദ്ദേശസ്വയംഭരണ ജനപ്രതിനിധികളുടെയും സ്ഥാപനങ്ങളുടെയും ലക്ഷ്യം.

## ഉടൻ വേണ്ടത്

ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ചെയ്യേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. തദ്ദേശസ്ഥാപന പരിധിയിൽ ഉണ്ടാകുന്ന ജൈവ മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് ആവശ്യമായ ഉറവിട സംസ്കരണ സംവിധാനങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും ഉറപ്പാക്കി 100% ത്തിലേക്ക് എത്തിക്കുക, സാനിട്ടറി മാലിന്യം ഒഴികെ മറ്റ് എല്ലാ വിഭാഗത്തിലും വരുന്ന അജൈവ മാലിന്യങ്ങളും 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക, സാനിട്ടറി മാലിന്യം, കോഴി ഇറച്ചി മാലിന്യം, മുടി മാലിന്യം തുടങ്ങി സംസ്ക്കരണ സംവിധാനം നിലവിലുള്ള എല്ലാ പ്രത്യേക മാലിന്യങ്ങളും ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള നടപടികൾ ശക്തിപ്പെടുത്തുക തുടങ്ങിയവ പ്രധാനമാണ്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേന എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. വാതിൽപ്പടി ശേഖരണം കർശനമായും ഹരിത മിത്രം 2.0 ആപ്ലിക്കേഷൻ ഉപയോഗിച്ച് നടക്കുമെന്ന് ഉറപ്പാക്കണം. സേവനത്തിന് കൃത്യമായ 'യൂസർ ഫീ' ശേഖരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കണം.

ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ഇൻഷുറൻസും ഉറപ്പാക്കേണ്ടത് ഭരണസമിതിയുടെ ചുമതലയാണ്. ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കുന്നതിനാവശ്യമായ വാഹന സൗകര്യവും ഉറപ്പാക്കണം. വ്യാപാരസ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും ആവശ്യത്തിന് ബിന്നുകൾ, പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്തുകൾ എന്നിവയും ഉറപ്പാക്കേണ്ടതുണ്ട്. പൊതു സ്ഥലങ്ങളിലെ ശുചിത്വവും ഉറപ്പാക്കണം.

## അടിസ്ഥാന സൗകര്യങ്ങൾ

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിക്കാൻ ആവശ്യമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), ബ്ലോക്ക്/ജില്ലാ തലങ്ങളിൽ ഇവ പുനരുപയോഗത്തിനായി അയക്കാൻ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എന്നിവ ആവശ്യത്തിന് ഉണ്ടാവുകയും ശരിയായി പ്രവർത്തിക്കുകയും വേണം. ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് ഇവ കൃത്യമായി നീക്കം ചെയ്യുന്നുണ്ടെന്ന് ജനപ്രതിനിധികൾ നിരീക്ഷിക്കണം.

## നിയമപരമായ നടപടികളും നിരീക്ഷണവും

പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**സി.സി.ടി.വി ക്യാമറകൾ:** മാലിന്യം തള്ളാൻ സാധ്യതയുള്ള 'ബ്ലാക്ക് സ്പോട്ടുകളിൽ' ക്യാമറകൾ സ്ഥാപിക്കുക.

**സ്ക്വാഡ് പ്രവർത്തനം:** ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രാത്രികാല പരിശോധനകളും മിന്നൽ പരിശോധനകളും നടത്തുക.

**പിഴ ചുമത്തൽ:** നിയമം ലംഘിക്കുന്നവർക്ക് തദ്ദേശ നിയമ പ്രകാരമുള്ള പിഴ ചുമത്താൻ മടിക്കരുത്.

## ബോധവൽക്കരണവും ജനപങ്കാളിത്തവും

മാലിന്യങ്ങളുടെ അളവു കുറയ്ക്കുക, ഉണ്ടാകുന്നവ കൃത്യമായി തരംതിരിച്ച് ശാസ്ത്രീയമായി കൈകാര്യം ചെയ്യുക, വലിച്ചെറിയൽ ശീലം ഉപേക്ഷിക്കുക തുടങ്ങിയ ശരിയായ ശീലങ്ങൾ പുലർത്തുന്നതിനുള്ള മനോഭാവമാറ്റം സമൂഹത്തിൽ പൂർണമായും ഉണ്ടാകുന്നതിനുള്ള ബോധവത്കരണം പ്രധാനമാണ്. ശുചിത്വ വിഷയങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക വാർഡ് സഭകൾ വിളിച്ചുചേർക്കാം. കുട്ടികളിലൂടെ മാറ്റം കൊണ്ടുവരാൻ സ്കൂൾ ശുചിത്വ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കാം. നൂറു ശതമാനം ശുചിത്വം കൈവരിക്കുന്ന വാർഡുകൾക്കും വീടുകൾക്കും പ്രത്യേക അംഗീകാരങ്ങൾ നൽകുന്നത് മറ്റുള്ളവർക്ക് പ്രചോദനമാകും. റസിഡൻസ് അസോസിയേഷനുകൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകും. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയുള്ള ക്യാമ്പയിനുകളും പ്രധാനമാണ്.

## ദ്രാവക മാലിന്യ സംസ്കരണം

ഖരമാലിന്യത്തിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് മലിനജല സംസ്കരണം (Liquid Waste Management). കിണർവെള്ളത്തിൽ കക്കൂസ് മാലിന്യങ്ങൾ കലരുന്നത് പ്രശ്നമാണ്. പൊതു ജലാശയങ്ങളിലേക്ക് കക്കൂസ് മാലിന്യവും മറ്റും ഒഴുക്കുന്നത് തടയാൻ കർശന നടപടി വേണം. സോക് പിറ്റുകൾ (Soak pits), സെപ്റ്റേജ് പ്ലാന്റുകൾ എന്നിവയുടെ നിർമ്മാണത്തിന് മുൻഗണന നൽകണം.

# ലൈഫ് ഭവന പദ്ധതി



സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതി ആയിട്ടാണ് സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളും കേന്ദ്ര വിഹിതമായി 72,000 രൂപ ലഭിക്കുന്ന പി എം എ വൈ ഗ്രാമീൺ, 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ നഗരം എന്നീ പദ്ധതികളും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് നാല് ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. സങ്കേതങ്ങളിലും ദുർഘട പ്രദേശങ്ങളിലും വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നാല് ലക്ഷത്തിന് പകരം ആറ് ലക്ഷം രൂപയാണ് നൽകുന്നത്. ലൈഫ് ഭവനപദ്ധതി പ്രകാരം 31.12.2025 വരെ 6,00,547 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിച്ചതിൽ 4,76,307 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 1,24,240 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവന സമുച്ചയങ്ങളിൽ നാല് സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചും ഒരു ഭവന സമുച്ചയം വിലയ്ക്ക് വാങ്ങിയും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പാർട്ണർഷിപ്പ്/ സ്പോൺസർഷിപ്പ് എന്നിവയിലൂടെ 11 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ഭൂരഹിത ഭവനരഹിതർക്ക് കൈമാറിയിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി 31/12/2025 വരെ 2920.464 സെന്റ് (29.20 ഏക്കർ) ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ ആയിരം ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണ പത്രം ഒപ്പിട്ടിരുന്നു. അതിൻ പ്രകാരം ആയിരം ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് ആയിരം ഭൂരഹിതർക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പള്ളി ഭവനപദ്ധതി രണ്ടാംഘട്ടത്തിന്റെ ഭാഗമായി 506 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 – എയുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തും കടയ്ക്കൽ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലും 25 വീതം വീടുകളും ഓരോ അമിനിറ്റി സെന്ററും കൊല്ലം ജില്ലയിലെ പറവൂർ നഗരസഭയിൽ 15 ഉം തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പത്തും വീടുകളും ഓരോ അമിനിറ്റി സെന്ററും പദ്ധതിയുടെ ഭാഗമായി നിർമ്മിക്കും.



# ഡീഡ് പദ്ധതി

എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിന് അനുസൃതമായി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് DEED (Digitalisation of Every Essential Document). പൊതുജനങ്ങളുടെ എല്ലാ അവശ്യ രേഖകളും ഡിജിറ്റലൈസ് ചെയ്യുക, അവ ഡിജി ലോക്കറിലേക്ക് (DigiLocker) അപ്‌ലോഡ് ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കുക, സർക്കാർ സേവനങ്ങൾ ഡിജിറ്റൽ മാർഗത്തിലൂടെ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇലക്ട്രോണിക് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും ഡോക്യുമെന്റ് മാനേജ്മെന്റും സാധ്യമാക്കി, സർക്കാർ സേവനങ്ങൾ കാര്യക്ഷമവും സുരക്ഷിതവും തടസ്സരഹിതവുമായി ലഭ്യമാക്കുന്ന ഒരു പേപ്പർരഹിത ഭരണസംവിധാനത്തിലേക്ക് (Paperless Governance) മാറുക എന്നതാണ് ഈ ഉദ്യമത്തിന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ പൗരന്മാർക്ക് ഇ-സേവനങ്ങൾ എളുപ്പത്തിലും സുരക്ഷിതമായും ഉറപ്പാക്കുന്നതിനായി അവശ്യ സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറുമായി ബന്ധിപ്പിക്കുന്നതിൽ (Onboarding) DEED ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതൊരു ജനകീയ കാമ്പയിൻ പദ്ധതിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## ലക്ഷ്യങ്ങൾ:

- എല്ലാ അവശ്യ സർട്ടിഫിക്കറ്റുകളും ഡിജി ലോക്കറിൽ ഉൾപ്പെടുത്തി പേപ്പർരഹിത ഭരണസംവിധാനം നടപ്പിലാക്കുക.
- സംസ്ഥാനത്തെ 64,006 അതിദരിദ്ര കുടുംബങ്ങളെ ലക്ഷ്യമിട്ട് പൈലറ്റ് പ്രോഗ്രാം ആരംഭിക്കുക.
- ദുർബലരായ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഡിജിറ്റലൈസേഷൻ പ്രക്രിയ വിപുലീകരിക്കുക.
- അടുത്ത രണ്ട് വർഷത്തിനുള്ളിൽ എല്ലാ പൗരന്മാരെയും പദ്ധതിയുടെ ഭാഗമാക്കുക.
- 2025-26 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിനായി 10 ലക്ഷം രൂപ അനുവദിക്കുക.



## പ്രധാന പ്രവർത്തനങ്ങൾ:

- **സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറുമായി ബന്ധിപ്പിക്കൽ:** ഇലക്ട്രോണിക് പരിശോധനയ്ക്കായി ജനന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റസിഡൻസ് സർട്ടിഫിക്കറ്റ് തുടങ്ങിയ അവശ്യ രേഖകൾ ഡിജി ലോക്കറുമായി ബന്ധിപ്പിക്കുക.
- **ഏകോപനം:** രേഖകളുടെ സുഗമമായ ഡിജിറ്റലൈസേഷനും സംഭരണവും ഉറപ്പാക്കാൻ ബന്ധപ്പെട്ട സർക്കാർ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുക.
- **പരിശീലനവും സാങ്കേതിക പിന്തുണയും:** ഡിജി ലോക്കറിന്റെ കാര്യക്ഷമമായ ഉപയോഗത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പൗരന്മാർക്കും ആവശ്യമായ പരിശീലനം നൽകുക.


## പ്രതീക്ഷിക്കുന്ന ഫലങ്ങൾ:

- **കാര്യക്ഷമമായ സേവന വിതരണം:** ഇലക്ട്രോണിക് പരിശോധനയിലൂടെയും പേപ്പർരഹിത പ്രക്രിയയിലൂടെയും പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകും.
- **സുതാര്യതയും ഉത്തരവാദിത്തവും:** വ്യാജ രേഖകൾ വഴിയുള്ള തട്ടിപ്പുകൾ തടയാനും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നേരിട്ട് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാധിക്കും.
- **പൗര ശാക്തീകരണം:** രേഖകൾ നേരിട്ട് കൈകാര്യം ചെയ്യുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാകുന്നതോടെ, സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും അതിദരിദ്രർക്കും സേവനങ്ങൾ എളുപ്പത്തിൽ പ്രാപ്യമാകും.
- **സാമ്പത്തിക ലാഭവും കാര്യക്ഷമതയും:** കടലാസ് ജോലികൾ ഒഴിവാക്കുന്നതിലൂടെയും ഭൗതികമായ സ്റ്റോറേജ് സൗകര്യങ്ങളുടെ ആവശ്യം കുറയ്ക്കുന്നതിലൂടെയും തദ്ദേശ ഭരണകൂടങ്ങൾക്ക് സാമ്പത്തിക ലാഭവും പ്രവർത്തനക്ഷമതയും കൈവരിക്കാം.

ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ പൗര കേന്ദ്രീകൃത സേവനം ഉറപ്പാക്കുന്ന സംസ്ഥാന സർക്കാർ പദ്ധതിയാണിത്. സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിലേക്ക് മാറ്റുന്നതിലൂടെയും പേപ്പർരഹിത ഭരണത്തിലേക്ക് നീങ്ങുന്നതിലൂടെയും സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കും. സർക്കാർ സേവനങ്ങളുടെ പൂർണ്ണമായ ഡിജിറ്റൽ പരിവർത്തനത്തിന് ഈ ജനകീയ കാമ്പയിൻ സഹായിക്കും.



# മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP 2.0)



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡ് ശൃംഖല യുദ്ധകാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി. ഇതിന്റെ രണ്ടാം ഘട്ടമാണ് CMLRRP 2.0.

## പശ്ചാത്തലവും ലക്ഷ്യവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2024-25 സംസ്ഥാന ബജറ്റിൽ ഈ പദ്ധതിക്കായി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റോഡ് തെരഞ്ഞെടുപ്പും മുൻഗണനാ ക്രമവും

ബന്ധപ്പെട്ട എം.എൽ.എ (MLA) മാർ തയ്യാറാക്കുന്ന റോഡുകളുടെ പട്ടിക ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നു. ബജറ്റ് വിഹിതത്തിന് അനുസൃതമായി തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD) ഇവയ്ക്ക് ഭരണാനുമതി നൽകുന്നു.



## മുൻഗണന ലഭിക്കുന്ന വിഭാഗങ്ങൾ:

പ്രധാന റോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകൾ.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സ്കൂൾ, കോളേജ്), ആശുപത്രികൾ എന്നിവയിലേക്കുള്ള പ്രവേശന റോഡുകൾ.

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ.

ജൽ ജീവൻ മിഷൻ (JJM) ഫേസ്-1 ന്റെ ഭാഗമായി കുഴിക്കുകയും എന്നാൽ പുനരുദ്ധരിക്കപ്പെടാതെ കിടക്കുകയും ചെയ്യുന്ന റോഡുകൾ.

അയോഗ്യത: ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് (DLP) നിലവിലുള്ള റോഡുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തില്ല.

## നിർമ്മാണവും ഗുണനിലവാര പരിശോധനയും

പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ ക്വാളിറ്റി മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്:

ഒരു ബാഹ്യ സാങ്കേതിക വിദഗ്ധൻ (LSGD, PWD അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ). ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസർ.

## നിലവിലെ പുരോഗതി

ഇതുവരെ പുറപ്പെടുവിച്ച അഞ്ച് ഭരണാനുമതികളിലായി സംസ്ഥാനത്തെ പ്രവൃത്തികളുടെ സ്ഥിതിവിവരക്കണക്കുകൾ താഴെ പറയുന്നവയാണ്:

| ഘട്ടം | എണ്ണം |
|---|---|
| ഭരണാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 3915 |
| സാങ്കേതികാനുമതി (TS) ലഭിച്ചവ | 3644 |
| ടെണ്ടർ നടപടികൾ പൂർത്തിയായവ | 3628 |
| കരാറിൽ ഏർപ്പെട്ടവ | 3012 |
| നിർമ്മാണം പുരോഗമിക്കുന്നവ | 1591 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 449 |

# സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി
## (Universal Palliative Care Project)

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്ന എല്ലാവർക്കും സമഗ്രവും മാനുഷികവുമായ പരിചരണം ഉറപ്പാക്കുന്ന ഒരു പുതുമയാർന്ന സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് സാർവത്രിക പാലിയേറ്റീവ് കെയർ (Universal Palliative Care Project).

സംസ്ഥാനത്തിന്റെ ശക്തമായ നയ പിന്തുണയിലും വികേന്ദ്രീകൃതമായ നടപ്പാക്കലിലും ഊന്നിയുള്ള ഈ പദ്ധതിയുടെ പ്രധാന ഡിജിറ്റൽ പ്ലാറ്റ്ഫോം കേരള കെയർ ഗ്രിഡ് (kerala.care) ആണ്.

### എന്താണ് പാലിയേറ്റീവ് കെയർ

ഗുരുതര ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും നൽകുന്ന പൂർണ്ണമായ പരിചരണമാണിത്. രോഗികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുകയും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നഗര-ഗ്രാമ വ്യത്യാസമില്ലാതെ, സാമ്പത്തിക നില പരിഗണിക്കാതെ എല്ലാവർക്കും ഈ സേവനം ഉറപ്പാക്കുന്നു.

### വികേന്ദ്രീകൃത നടപ്പാക്കൽ

നയം: 2008 ഏപ്രിൽ 15-ന് പാലിയേറ്റീവ് കെയർ നയം അംഗീകരിച്ചതോടെയാണ് ഇതിന് തുടക്കമായത്.



## നൽകുന്ന സേവനങ്ങൾ

| സേവന വിഭാഗം | സേവനങ്ങൾ |
|---|---|
| ഗൃഹപരിചരണം (Home Care) | ഡോക്ടർമാരുടെയും നഴ്സുമാരുടെയും സന്ദർശനം, വീടുകളിലെ നഴ്സിംഗ് പരിചരണം. |
| സ്ഥാപന സേവനങ്ങൾ | ഒ.പി (Out-Patient), ഐ.പി (In-Patient), പരിചരണ കേന്ദ്രങ്ങൾ (Care Homes). |
| പിന്തുണയും വിഭവങ്ങളും | മരുന്നുകൾ, വീൽചെയർ/വാട്ടർ ബെഡ് തുടങ്ങിയ ഉപകരണങ്ങൾ, സന്നദ്ധസേവനം. |

തദ്ദേശ സ്ഥാപനങ്ങൾ: ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ വാർഷിക പദ്ധതികളിൽ നിർബന്ധമായും പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശൃംഖല: നിലവിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ 1142 പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റുകളും, സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ 1200-ലധികം കമ്മ്യൂണിറ്റി യൂണിറ്റുകളും പ്രവർത്തിക്കുന്നു.

## കേരള കെയർ ഗ്രിഡ് (kerala.care)

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ സാങ്കേതിക പ്ലാറ്റ്ഫോമാണിത്. തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, സന്നദ്ധ സംഘടനകൾ (NGOs), പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ എന്നിവരെ ഇത് ഒരൊറ്റ ചട്ടക്കൂടിന് കീഴിൽ കൊണ്ടുവരുന്നു. കിടപ്പിലായ രോഗികൾക്കോ മറ്റ് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കോ അടുത്തുള്ള സർക്കാർ കേന്ദ്രത്തിലോ രജിസ്റ്റർ ചെയ്ത എൻജിഒ വഴിയോ ഗ്രിഡിൽ സഹായത്തിനായി അപേക്ഷിക്കാം.

## പ്രധാന വിവരങ്ങൾ (ഏറ്റവും പുതിയ കണക്കുകൾ പ്രകാരം)

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത രോഗികൾ | : 2,77,210 |
| നിലവിൽ ചികിത്സയിലുള്ളവർ (Live Patients) | : 2,44,098 |
| ആകെ സന്ദർശനങ്ങൾ (Visits) | : 1,086,431 |
| രജിസ്റ്റർ ചെയ്ത സർക്കാർ കേന്ദ്രങ്ങൾ | : 1397 |
| രജിസ്റ്റർ ചെയ്ത എൻ.ജി.ഒകൾ | : 1299 |

## രോഗികളുടെ വിവരങ്ങൾ:

ചികിത്സ സ്വീകരിക്കുന്നവരിൽ ഭൂരിഭാഗവും മുതിർന്ന പൗരന്മാരും സ്ത്രീകളുമാണ്. രോഗികളിൽ 59.10% സ്ത്രീകളും 40.78% പുരുഷന്മാരുമാണ്. 71-80 പ്രായപരിധിയിലുള്ളവരാണ് ഏറ്റവും കൂടുതൽ (72,527 പേർ).

## ആരോഗ്യ സംബന്ധമായ സ്ഥിതിവിവരങ്ങൾ

ഏറ്റവും കൂടുതൽ കാണപ്പെടുന്ന രോഗാവസ്ഥ: ഹൈപ്പർടെൻഷൻ (രക്തസമ്മർദ്ദം) - 75,270 രോഗികൾ.

രണ്ടാമത്തെ ഘടകം: വാർദ്ധക്യ സഹജമായ അവശതകൾ - 159,178 രോഗികൾ.

കിടപ്പിലായവർ: ആകെ രോഗികളിൽ 21.85% പേർക്ക് സ്വയം ചലിക്കാൻ കഴിയാത്തവരാണ്.

പ്രധാന നഴ്സിംഗ് സേവനങ്ങൾ: ഫുൾ ബോഡി എക്സാമിനേഷൻ (67,889 തവണ), കത്തീറ്റർ മാറ്റൽ (19,289 തവണ), സ്കിൻ കെയർ (16,833 തവണ).



# അക്ഷരോന്നതി

## വായനയിലൂടെ അറിവിലേക്ക്, ഉന്നതിയിലേക്ക്

അറിവും പുരോഗതിയും വിദ്യാഭ്യാസത്തിലൂടെയാണ് കൈവരിക്കാനാകുന്നത്. എന്നാൽ, ഔദ്യോഗിക വിദ്യാഭ്യാസത്തിനപ്പുറം വായനാശീലം ഒരു വ്യക്തിയുടെ ചിന്താശേഷിയും സാമൂഹിക കാഴ്ചപ്പാടും വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ, പഠനമുറികൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ പുസ്തകങ്ങളുടെയും വായനാ സൗകര്യങ്ങളുടെയും കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ RGSA സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച പ്രത്യേക പദ്ധതിയാണ് 'അക്ഷരോന്നതി' IEC പദ്ധതി.

### പ്രധാന ലക്ഷ്യങ്ങൾ

- അറിവും വിനോദവും: വൈവിധ്യമാർന്ന പുസ്തകങ്ങളിലൂടെ വായനയെ ആസ്വാദ്യകരവും വിജ്ഞാനപ്രദവുമാക്കുക.
- വായനാശീലം വളർത്തുക: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്കിടയിൽ വായനയുടെ പ്രാധാന്യം എത്തിക്കുകയും അത് ശീലമാക്കാൻ സഹായിക്കുകയും ചെയ്യുക.
- പഠനാന്തരീക്ഷം ഒരുക്കുക: സ്കൂളുകൾ, ലൈബ്രറികൾ, വായനമുറികൾ എന്നിവിടങ്ങളിൽ വായനയ്ക്ക് അനുയോജ്യമായ ശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുക.
- ഭാഷാപരമായ വികാസം: വായനയിലൂടെ പദസമ്പത്ത് വർദ്ധിപ്പിക്കാനും വ്യാകരണവും ആശയവിനിമയ ശേഷിയും മെച്ചപ്പെടുത്താനും സഹായിക്കുക.
- പുസ്തകലഭ്യത ഉറപ്പാക്കുക: സംസ്ഥാന തലത്തിൽ പുസ്തകങ്ങൾ ശേഖരിച്ച് പുതിയ ലൈബ്രറികൾ സ്ഥാപിക്കുകയോ നിലവിലുള്ളവ ശക്തിപ്പെടുത്തുകയോ ചെയ്യുക.



- പുസ്തകദാനം പ്രോത്സാഹിപ്പിക്കുക: 'Book Donation Drives' വഴി വ്യക്തികളെയും സ്ഥാപന ങ്ങളെയും പുസ്തകങ്ങൾ സംഭാവന ചെയ്യാൻ പ്രേരിപ്പിക്കുക.
- വിജ്ഞാന വിനിമയം: വായനാനന്തര ചർച്ചകൾ, റിവ്യൂ സെഷനുകൾ എന്നിവയിലൂടെ അറിവ് പങ്കുവെക്കാനുള്ള വേദിയൊരുക്കുക.
- സാമൂഹിക ശാക്തീകരണം: വായനയിലൂടെ കുട്ടി കളിൽ ആത്മവിശ്വാസം വളർത്തുകയും അവരെ സാമൂഹിക മാറ്റത്തിന്റെ വക്താക്കളാക്കി മാറ്റുകയും ചെയ്യുക.
- വ്യക്തിത്വ വികാസം: രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങളെ തിരിച്ചറിയാനും ആധുനിക സമൂഹത്തിൽ സ്വന്തമായ ഒരിടം കണ്ടെത്താനും കുട്ടികളെ പ്രാപ്തരാക്കുക.

## വായനയുടെയും ലൈബ്രറികളുടെയും പ്രാധാന്യം

- അറിവിന്റെ ഉറവിടം: വൈവിധ്യമാർന്ന വിഷയങ്ങളിൽ അറിവ് നേടാനുള്ള സാഹചര്യം ഒരുക്കുന്നു.
- സർഗ്ഗാത്മകത: കഥകളും കവിതകളും കുട്ടികളുടെ ഭാവനയെ ഉത്തേജിപ്പിക്കുന്നു.
- സാമൂഹിക ഇടപെടൽ: ലൈബ്രറികൾ കുട്ടികൾക്ക് ഒരുമിച്ചിരുന്ന് പഠിക്കാനും സംവദിക്കാനുമുള്ള ഇടമായി മാറുന്നു.

## പ്രവർത്തന രീതി

- ജനകീയ പുസ്തക ശേഖരണം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗുണനിലവാരമുള്ള പുസ്തകങ്ങൾ ശേഖരിക്കും.
- IEC പരിപാടികൾ: സെമിനാറുകൾ, പോസ്റ്ററുകൾ, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ, ക്വിസ് മത്സരങ്ങൾ എന്നിവയിലൂടെ വായനയുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കും.
- ജില്ലാതല സംഘാടക സമിതി: പദ്ധതിയുടെ വിജയകരമായ ഏകോപനത്തിനായി താഴെ പറയുന്ന സമിതി പ്രവർത്തിക്കും:

| സ്ഥാനം | പ്രതിനിധി |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | ജില്ലാ കളക്ടർ |
| ജോയിന്റ് കൺവീനർ | ജോയിന്റ് ഡയറക്ടർ |
| അംഗങ്ങൾ | SC/ST വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, LSGD പ്രതിനിധികൾ, ഡിസ്ട്രിക്റ്റ് പ്രോജക്ട് മാനേജർ (RGSA), ലൈബ്രറി കൗൺസിൽ പ്രതിനിധി, NGO/സാമൂഹിക പ്രവർത്തകർ, NSS/NCC/ വിദ്യാർത്ഥി പ്രതിനിധികൾ. |

## സമിതിയുടെ ചുമതലകൾ

പദ്ധതി ആസൂത്രണം ചെയ്യുക, പുസ്തകങ്ങൾ സ്ക്രീനിംഗ് കമ്മിറ്റി വഴി പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങൾ സമയബന്ധിതമായി വിലയിരുത്തുക.

## പ്രചാരണ പരിപാടികൾ

- മാധ്യമങ്ങൾ: ടിവി, റേഡിയോ, പത്രങ്ങൾ എന്നിവ വഴി വാർത്തകളും ഹ്രസ്വ വീഡിയോകളും പ്രചരി പ്പിക്കും.
- സോഷ്യൽ മീഡിയ: ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് എന്നിവയിലൂടെ പുസ്തക ശേഖരണ യജ്ഞം ജനകീയമാക്കും.
- അക്ഷരോന്നതി ക്ലബ്ബുകൾ: സ്കൂളുകളിലും കോളേജുകളിലും പ്രത്യേക വായനാ ക്ലബ്ബുകൾ രൂപീകരിക്കും.
- ഡോക്യുമെന്റേഷൻ: പദ്ധതിയുടെ ഓരോ ഘട്ടവും ചിത്രങ്ങളും വീഡിയോകളും സഹിതം രേഖ പ്പെടുത്തും.

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- ഗ്രാമപ്രദേശങ്ങളിലും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കിടയിലും പുസ്തക ലഭ്യത ഉറപ്പാക്കുന്നു.
- കുട്ടികളുടെ ഏകാഗ്രതയും പഠനനിലവാരവും മെച്ചപ്പെടുന്നു.
- വായന ഒരു സംസ്കാരമായി വളരുന്നതിലൂടെ സാമൂഹിക ശാക്തീകരണം സാധ്യമാകുന്നു.
- ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) കൈവരിക്കുന്നതിൽ പങ്കുചേരുന്നു.



# കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു

കേരളം ഇന്ത്യയിലെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു. കേരളപ്പിറവിദിനത്തിൽ ചേർന്ന പ്രത്യേക നിയമസഭാസമ്മേളനത്തിൽ ചട്ടം 300 പ്രകാരമാണ് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയത്. വൈകീട്ട് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ പൊതുപ്രഖ്യാപനവും മുഖ്യമന്ത്രി നടത്തി.

2021–ലാണ് അതിദാരിദ്ര്യമുക്തയജ്ഞം സർക്കാർ തുടങ്ങിയത്. സർവേയിലൂടെ അതിദരിദ്രരായി കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ മരണപ്പെട്ടവർ, അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനാൽ കണ്ടെത്താൻ കഴിയാതെ പോയവർ എന്നിവരെ ഒഴിവാക്കി ബാക്കിയുള്ള 59,283 കുടുംബങ്ങളെയാണ് അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചത്. പൊതു പ്രഖ്യാപന ചടങ്ങിൽ നടൻ മമ്മൂട്ടി പങ്കെടുത്തു.

**നാല് ലക്ഷത്തോളം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ അക്ഷരാർത്ഥത്തിൽ ഓരോ വീട്ടിലും കയറിയിറങ്ങി, ഓരോ ജീവിതവും തൊട്ടറിഞ്ഞ്, തന്റെ അയൽവാസി പട്ടിണിയിലാണോ എന്ന് മനസിലാക്കി നടത്തിയ ബൃഹത്തായ ഒരു ജനകീയ പ്രക്രിയയിലൂടെയാണ് ഈ യജ്ഞത്തിന് തുടക്കമായത്.**



# അതി ദാരിദ്ര്യനിർമ്മാർജ്ജനം – കേരള ചരിത്രത്തിലെ പുതിയ അധ്യായം

## – പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി

(01.11.2025ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)

നമ്മുടെ സഹോദരങ്ങളിൽ ആരും പട്ടിണി കിടക്കുകയോ, കിടപ്പാടമില്ലാതെ അലയുകയോ ചികിത്സ കിട്ടാതെ മരിക്കുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത് എന്ന നിശ്ചയദാർഢ്യത്തോടെ നാം ഏറ്റെടുത്ത ചരിത്രദൗത്യമാണ് മഹത്തായ ഈ കേരളപ്പിറവി ദിനത്തിൽ ഇന്നിവിടെ പൂർത്തിയാകുന്നത്. ഈ നേട്ടം ഏതൊരു കേരളീയനും അഭിമാനിക്കാവുന്ന ഒന്നാണ്. ഇവിടെ യാഥാർത്ഥ്യമായത് കേവലം ഒരു ക്ഷേമ പദ്ധതിയല്ല, ചാരിറ്റി പ്രവർത്തനമല്ല, ഇത് ആരുടേയും ഔദാര്യവുമല്ല. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സമത്വം എന്ന അടിസ്ഥാന മൂല്യത്തിന്റെ പ്രായോഗിക സാക്ഷാത്കാരമാണ്. പാവപ്പെട്ടവന്റെ അവകാശമാണ്.

നാല് ലക്ഷത്തോളം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ അക്ഷരാർത്ഥത്തിൽ ഓരോ വീട്ടിലും കയറിയിറങ്ങി, ഓരോ ജീവിതവും തൊട്ടറിഞ്ഞ്, തന്റെ അയൽവാസി പട്ടിണിയിലാണോ എന്ന് മനസിലാക്കി നടത്തിയ ബൃഹത്തായ ഒരു ജനകീയ പ്രക്രിയയിലൂടെയാണ് ഈ യജ്ഞത്തിന് തുടക്കമായത്.

ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി, ഗ്രാമസഭകളുടെ അംഗീകാരത്തോടെ 64,006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി. എല്ലാ കുടുംബങ്ങൾക്കും ഒരേ സഹായം നൽകുന്ന സാമ്പ്രദായിക രീതിക്ക് പകരം, ഓരോ കുടുംബത്തിന്റെയും കണ്ണീരൊപ്പുന്ന, അവരുടെ സവിശേഷ പ്രശ്നങ്ങൾ വിശകലനം ചെയ്ത് വേണ്ട പരിഹാരങ്ങൾ ഉറപ്പാക്കുന്ന 'മൈക്രോപ്ലാനുകൾ'രൂപപ്പെടുത്തി.



ഉദാഹരണത്തിന്, അസുഖം ബാധിച്ച് കിടപ്പിലായ, മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത ഒരമ്മയ്ക്ക് വേണ്ടത് പെൻഷൻ തുക മാത്രമല്ല, കൃത്യസമയത്ത് മരുന്ന് വീട്ടിലെത്തുന്നു എന്ന ഉറപ്പുമാണ്. അത് നാം പാലിയേറ്റീവ് കെയർ വഴി ഉറപ്പാക്കി. ഒറ്റയ്ക്ക് താമസിക്കുന്ന, പാചകം ചെയ്യാൻ ശേഷിയില്ലാത്ത ഒരു വയോധികന് വേണ്ടത് റേഷൻ കിറ്റ് അല്ല, പാചകം ചെയ്ത ആഹാരമാണ്. അത് നാം ജനകീയ ഹോട്ടലുകൾ വഴി അവരുടെ വീട്ടിൽ എത്തിച്ചു. ഇങ്ങനെ ഓരോ കുടുംബത്തിനും വേണ്ട കാര്യങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തതിന്റെ ഫലമാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്.

2022 ഏപ്രിൽ ഒന്ന് മുതൽ ഈ പട്ടികയിലുള്ള ഒരു കുടുംബം പോലും ഒരു നേരത്തെ ആഹാരത്തിനായി കൈനീട്ടേണ്ടിവരുന്നില്ല എന്ന് ഉറപ്പുവരുത്തി. 20,648 കുടുംബങ്ങൾക്ക് ആഹാരം ഉറപ്പാക്കി. 2,210 കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം വീട്ടിൽ എത്തിക്കുന്നു. റേഷൻ കാർഡും ആധാറും ബാങ്ക് അക്കൗണ്ടും ഇല്ലാതെ സർക്കാരിന്റെ ആനുകൂല്യങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ട, അദൃശ്യരായിപ്പോയ മനുഷ്യർക്ക് 21,263 അടിയന്തര സേവനങ്ങൾ അതിവേഗം ലഭ്യമാക്കി അവരെ സംവിധാനത്തിന്റെ ഭാഗമാക്കി.

85,721 വ്യക്തികൾക്ക് ചികിത്സയും മരുന്നും നൽകി. 5,777 പേർക്ക് പാലിയേറ്റീവ് കെയർ സേവനങ്ങൾ വീടുകളിൽ എത്തിക്കുന്നു. 'ഉജ്ജീവനം' പോലുള്ള പദ്ധതികളിലൂടെ 4,394 കുടുംബങ്ങൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താനുള്ള സഹായം നൽകി.

സുരക്ഷിതമായ വീട് ഒരു സ്വപ്നമായിരുന്നവർക്ക് അത് യാഥാർത്ഥ്യമാക്കുന്നു. 5,400 ലധികം പുതിയ വീടുകൾ പൂർത്തിയാക്കുകയോ നിർമ്മിക്കുകയോ ചെയ്തു. 5,522 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. 'ആരും പിന്നിലാവരുത്' എന്നത് ഒരു മുദ്രാവാക്യമായിരുന്നില്ല. അത് സർക്കാരിന്റെ നയപരമായ ഉറപ്പാണ്. അതിലുപരി ജനങ്ങളോടുള്ള രാഷ്ട്രീയവും ധാർമ്മികവുമായ ഉത്തരവാദിത്തമാണ്. ഇന്ന്, ഈ കേരളപ്പിറവി ദിനത്തിൽ, ആ ഉറപ്പ് പാലിച്ചിരിക്കുന്നു എന്നതിൽപ്പരം അഭിമാനം മറ്റെന്താണുള്ളത്.

ഇന്ന് നാം ഇവിടെ പ്രഖ്യാപിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജനം, കേരളം ലോകത്തിനു മുന്നിൽ വെക്കുന്ന 'ജനപക്ഷ ബദൽ വികസനമാതൃക'യുടെ വിജയമാണ്. നവ ഉദാരവൽക്കരണ നയങ്ങൾ രാജ്യത്ത് അസമത്വം വർദ്ധിപ്പിക്കുമ്പോൾ, സമ്പത്ത് ചിലരുടെ കൈകളിൽ മാത്രം കുന്നുകൂടുമ്പോൾ, എല്ലാ ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന, ആർദ്രതയുള്ള, സമത്വത്തെ ഉയർത്തിപ്പിടിക്കുന്ന ക്ഷേമ മാതൃക സാധ്യമാണെന്ന് കേരളം നെഞ്ചുവിരിച്ച് തല ഉയർത്തി ലോകത്തോട് പറയുകയാണ്.

ഇത് കേവലം ഒരു സർക്കാരിന്റെ മാത്രം നേട്ടമായി ഞങ്ങൾ കാണുന്നില്ല. മറിച്ച്, എല്ലാ പ്രതിസന്ധികളെയും ഐക്യത്തോടെ നേരിട്ട, നവകേരളത്തിനായി നിലകൊണ്ട ഈ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടേതുമാണ്. തന്റെ അയൽവീട്ടിലെ അതിദരിദ്ര കുടുംബത്തെ കണ്ടെത്തിയ കുടുംബശ്രീ പ്രവർത്തകയുടേതാണ് ഈ വിജയം. അവർക്ക് മരുന്ന് എത്തിച്ച സന്നദ്ധപ്രവർത്തകന്റേതാണ്. ഈ ജനകീയ യജ്ഞത്തിൽ പങ്കാളികളായ ഓരോ ഉദ്യോഗസ്ഥന്റേതുമാണ്. എല്ലാറ്റിനുമുപരി, ഈ സർക്കാരിൽ വിശ്വാസമർപ്പിച്ച നിങ്ങൾ ഓരോരുത്തരുടേതുമാണ് ഈ വിജയം.

നമ്മുടെ ലക്ഷ്യം ഇവിടെ അവസാനിക്കുന്നില്ല. അതിദാരിദ്ര്യ നിർമ്മാർജ്ജനം ഒരു അവസാനമല്ല, ഒരു തുടക്കമാണ്. ആകസ്മികമായ പ്രതിസന്ധികളിൽ അകപ്പെടുന്നവർക്കുപോലും സുരക്ഷിതത്വം ഉറപ്പാക്കുന്ന, സമ്പൂർണ്ണമായ ഒരു സാമൂഹികഘടന സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഈ ജനകീയ ബദൽ നയം ഒരു തടസ്സവുമില്ലാതെ തുടരേണ്ടത് ഈ നാടിന്റെ അനിവാര്യതയാണ്. ആ നവകേരളം യാഥാർത്ഥ്യമാക്കാൻ കേരളജനതയാകെ ഒപ്പമുണ്ടെന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.

നാടിനെ വിഭജിക്കുന്ന, പിന്നോട്ടുവലിക്കുന്ന എല്ലാ ശക്തികളെയും ഒറ്റക്കെട്ടായി ചെറുത്ത്, കൂടുതൽ ഐശ്വര്യപൂർണ്ണമായ, സമത്വസുന്ദരമായ ഒരു നവകേരളത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം. ഏവർക്കും ഒരിക്കൽ കൂടി അഭിവാദ്യങ്ങൾ.

**അതിദാരിദ്ര്യ നിർമ്മാർജ്ജനം ഒരു അവസാനമല്ല, ഒരു തുടക്കമാണ്. ആകസ്മികമായ പ്രതിസന്ധികളിൽ അകപ്പെടുന്നവർക്കുപോലും സുരക്ഷിതത്വം ഉറപ്പാക്കുന്ന, സമ്പൂർണ്ണമായ ഒരു സാമൂഹികഘടന സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം.**




# അതിദാരിദ്ര്യമുക്ത കേരളം; ഒരുമിച്ചു നേടിയ ചരിത്ര നേട്ടം : 
## മന്ത്രി എം ബി രാജേഷ്

കേരളം നേടിയ അതിദാരിദ്ര്യമുക്ത സംസ്ഥാനം എന്ന ചരിത്രനേട്ടം വൻ ജനപങ്കാളിത്തത്തോടെ, വകുപ്പുകളുടെ ഏകോപനത്തോടെ ഒരുമിച്ചു നേടിയതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. കേരളത്തിന്റെ ശക്തമായ പ്രാദേശിക ഭരണ സംവിധാനവും അധികാര വികേന്ദ്രീകരണവും കാരണമാണ് ഈ മഹാദൗത്യം വിജയിപ്പിക്കാൻ സാധിച്ചത്. മുഖ്യമന്ത്രി മുതൽ വാർഡ് മെമ്പർ വരെയുള്ള രാഷ്ട്രീയ നേതൃത്വവും ചീഫ് സെക്രട്ടറി മുതൽ പഞ്ചായത്ത് സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥ സംവിധാനവും ജനങ്ങളാകെയും ഒറ്റക്കെട്ടായി ഈ ലക്ഷ്യത്തിനായി പ്രവർത്തിച്ചു. 'കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനം'ഔദ്യോഗിക പ്രഖ്യാപന പരിപാടിയിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയിൽ ആദ്യമായി അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്ന സംസ്ഥാനമായും ലോകത്ത് ചൈനയ്ക്ക് ശേഷം രണ്ടാമത് ഈ നേട്ടം കൈവരിക്കുന്ന പ്രദേശമായും കേരളം ചരിത്രത്തിൽ ഇടം നേടിയിരിക്കുന്നു. 69-ാം കേരളപ്പിറവി ദിനത്തിൽ, കേരളം ലോകത്തിന്റെ മുമ്പിൽ അഭിമാനമായി മാറി. 2021ൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ 2025 നവംബർ 1 നകം കേരളത്തെ അതിദാരിദ്ര്യ മുക്തമാക്കുമെന്ന് തീരുമാനിച്ചിരുന്നു. ഒരു സർക്കാർ പദ്ധതികളുടെയും ക്ഷേമ പദ്ധതികളുടെയും ആനുകൂല്യം ലഭിക്കാത്തവരെ അന്വേഷിച്ച്, തെരഞ്ഞുപിടിച്ച് കണ്ടെത്തി, അവരെ കൈപിടിച്ച് ഉയർത്തിയാണ് കേരളം ഈ സുപ്രധാന നേട്ടം കരസ്ഥമാക്കിയത്.

വിപുലമായ ജനകീയ പങ്കാളിത്തത്തിൽ അധിഷ്ഠിതമായ അതിസൂക്ഷ്മമായ ഒരു പ്രക്രിയയിലൂടെയാണ് 64,006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയത്. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവരശേഖരണം നടത്തി, വാർഡ് തലത്തിലുള്ള ജനകീയ സമിതികളും ഫോക്കസ് ഗ്രൂപ്പുകളും ചർച്ച ചെയ്യുകയും ഗ്രാമസഭകൾ അംഗീകരിക്കുകയും പിന്നീട് തദ്ദേശ ഭരണസമിതികൾ അംഗീകരിക്കുകയും ചെയ്തുകൊണ്ട്, ആരും വിട്ടുപോയിട്ടില്ല എന്ന് ഉറപ്പുവരുത്തിയ ഒരു കുറ്റമറ്റ പ്രക്രിയയാണ് അതിദരിദ്രരെ നിശ്ചയിക്കാൻ ഉപയോഗിച്ചത്. റേഷൻ കാർഡ്, വോട്ടർ കാർഡ്, ആധാർ തുടങ്ങിയ ഒരു രേഖയും കൈവശമില്ലാതിരുന്ന, ആരുടെയും കണ്ണിൽപെടാതിരുന്ന 'അദൃശ്യരായ മനുഷ്യരെ' തേടിയാണ് സർക്കാർ എത്തിയത്.

വികസനത്തിന്റെ നേട്ടം തനിയേ താഴെ എത്തുമെന്ന സമീപനം സ്വീകരിക്കാതെ, അതിദരിദ്രരായ മനുഷ്യരെ കൈപിടിച്ചുയർത്താൻ മൈക്രോപ്ലാനുകൾ ആവിഷ്കരിച്ചു. ഓരോ കുടുംബത്തിനും പ്രത്യേകം സൂക്ഷ്മ പദ്ധതികൾ ആവശ്യമാണെന്ന് സർക്കാർ കണ്ടു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സംവിധാനവും പ്രവർത്തനത്തിൽ അണിനിരന്നു. ഈ ചരിത്രനേട്ടം മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് നവകേരളത്തിലേക്ക് നടത്തുന്ന ശ്രദ്ധേയമായ കാൽവായ്പ്പാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.



# കേരളം ലോകത്തെ അത്ഭുതപ്പെടുത്തുന്നു : മമ്മൂട്ടി

കേരളവും അതിന്റെ സാമൂഹിക സംവിധാനങ്ങളും പലപ്പോഴും ലോകത്തെ അത്ഭുതപ്പെടുത്തിയിട്ടുണ്ടെന്ന് ചലച്ചിത്രനടൻ മമ്മൂട്ടി പറഞ്ഞു. 'കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനം' ഔദ്യോഗിക പ്രഖ്യാപന പരിപാടിയിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മമ്മൂട്ടി. ലോകത്തിലെ അതിസമ്പന്ന രാജ്യങ്ങൾ നേടിയതിന് സമാനമായ നേട്ടങ്ങൾ കേരളം കൈവരിച്ചു. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമ്പോൾ, അടുത്തതായി ദാരിദ്ര്യ മുക്തമായി മാറ്റുക എന്ന വലിയ ഉത്തരവാദിത്തം കൂടിയാണ് സംസ്ഥാനം ഏറ്റെടുക്കുന്നത്.

വികസനത്തോടൊപ്പം ദാരിദ്ര്യം മാറ്റുന്നതിനും കേരളം പ്രാധാന്യം നൽകുന്നു. വികസനം വലിയ കെട്ടിടങ്ങളോ രാജപാതകളോ നിർമ്മിക്കുന്നത് മാത്രമല്ല. സാമൂഹ്യ ജീവിതം മെച്ചപ്പെടുത്തുന്നതാവണം വികസനം. അതിന് ദാരിദ്ര്യം പരിപൂർണമായും തുടച്ചുമാറ്റപ്പെടണം. കേരളം പല കാര്യങ്ങളിലും ലോകത്തിന് മാതൃകയായിട്ടുണ്ട്. എത്ര കണ്ണഞ്ചിപ്പിക്കുന്ന വികസനം ഉണ്ടായാലും, വിശക്കുന്ന വയറുകൾക്ക് അത് ഉപകാരപ്രദമാകണം. കേരളത്തിന്റെ അതിദാരിദ്ര്യമുക്ത പ്രഖ്യാപനം ഒരു മാതൃകയും തുടക്കവുമാവട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

# അതിദാരിദ്ര്യ നിർമ്മാർജ്ജനം– പ്രവർത്തനങ്ങൾ ഇങ്ങനെ

2021-ൽ ഭരണത്തിലെത്തിയ സർക്കാർ ആദ്യ മന്ത്രിസഭായോഗത്തിൽ ആദ്യ തീരുമാനമായി അതിദരിദ്രരില്ലാത്ത കേരളം യാഥാർഥ്യമാക്കാൻ തീരുമാനിച്ചു

- 2021 ജൂലൈയിൽ അതിദരിദ്രരെ കണ്ടെത്താൻ അതിദാരിദ്ര്യ നിർണയ പ്രക്രിയ ആരംഭിച്ചു. 64,006 കുടുംബങ്ങളിലായി 1,03,099 വ്യക്തികളെ 1,032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തി
- പൈലറ്റ് പദ്ധതി തൃശൂർ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലും തിരുവനന്തപുരം അഞ്ചുതെങ്ങ്, വയനാട് തിരുനെല്ലി പഞ്ചായത്തുകളിലും നടപ്പാക്കി. തുടർന്ന് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിച്ചു
- ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസിലാക്കി അവരുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും പരിഗണിച്ച് വ്യക്തിഗത മൈക്രോപ്ലാനുകൾ തയ്യാറാക്കി. ഹ്രസ്വകാല, ഇടക്കാല, ദീർഘകാല പരിപാടികളായി തരംതിരിച്ച് മൈക്രോപ്ലാനുകൾ അന്തിമമാക്കി
- 2022 ഏപ്രിൽ ഒന്നുമുതൽ അതിദരിദ്ര കുടുംബങ്ങൾ വിശപ്പുമൂലം കഷ്ടപ്പെടുന്നില്ലെന്ന് സർക്കാർ ഉറപ്പ് വരുത്തി. മൂന്ന് നേരത്തെ ആഹാരം കണ്ടെത്താനാകാത്ത 20,648 അതിദരിദ്ര കുടുംബങ്ങൾക്ക് ആഹാരം ഉറപ്പാക്കി
- 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21,263 പേർക്ക് അടിസ്ഥാന രേഖകൾ നൽകി. 29,427 അടിയന്തരസേവനങ്ങളും 85,721 വ്യക്തികൾക്ക് ചികിത്സയും മരുന്നും നൽകി. 14,862 ഏകാംഗ കുടുംബങ്ങൾക്ക് ആരോഗ്യസഹായം നൽകി
- വരുമാനമില്ലാത്ത കുടുംബങ്ങൾക്ക് കുടുംബശ്രീ മിഷൻ വഴി 'ഉജ്ജീവനം' പദ്ധതി 2023 ഒക്ടോബറിൽ ആരംഭിച്ചു. 3,820പേർക്ക് സഹായം നൽകി. 272 പേർക്ക് തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ വഴി 212 പേർക്കും സ്വകാര്യ സ്ഥാപനങ്ങൾവഴി 88 പേർക്കും പരിശീലനവും ധനസഹായവും നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 34,672 കുടുംബങ്ങൾക്ക് അവിദഗ്ധ തൊഴിലിനായി തൊഴിൽ കാർഡുകൾ നൽകി
- 2023 നവംബർ 1ന് കേരളീയം ഉദ്ഘാടന വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അതിദാരിദ്ര്യ നിർമാർജന പദ്ധതിയുടെ ആദ്യഘട്ട പൂർത്തീകരണ പ്രഖ്യാപനം നിർവഹിച്ചു. 64,006 കുടുംബങ്ങളിൽ 30,658 കുടുംബങ്ങളെ (47.89 ശതമാനം)അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചതായി പ്രഖ്യാപിച്ചു.
- 2024 ഡിസംബർ 4-ന് ഭൂമിയില്ലാത്ത അതിദരിദ്രർക്ക് ഭൂമി നൽകുന്നതിന് പ്രഥമ പരിഗണന നൽകാൻ തീരുമാനിച്ചു. ഇവർക്ക് സർക്കാർ ഉടമസ്ഥതയിലുള്ള അധികഭൂമി മുൻഗണനയോടെ നൽകാൻ റവന്യൂ വകുപ്പ് 2025 മാർച്ച് 22ന് സർക്കുലർ ഇറക്കി.
- 4,677 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചു. ഭൂമിയും വീടും ആവശ്യമായിരുന്ന 2,713 ഗുണഭോക്താക്കൾക്ക് ആദ്യം ഭൂമിയും പിന്നീട് വീട് നിർമാണത്തിന് സാമ്പത്തിക സഹായവും നൽകി.
- കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ 4,421 പേർ മരിച്ചു. അവർക്ക് മരണം വരെ സഹായങ്ങൾ ഉറപ്പാക്കി. 261 കുടുംബങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ കുടിയേറിവരാണ്. അവരെ കണ്ടെത്താനായില്ല.
- 47 വ്യക്തികൾ നാടോടികളാണ്. അവരെ ഒരു തദ്ദേശ സ്ഥാപനത്തിൽ മാത്രം നിലനിർത്തി. ഇത്തരത്തിലുള്ള 4,729 പേരെ പട്ടികയിൽനിന്ന് ഒഴിവാക്കി
- 2025 നവംബർ 1 ന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു.

# ഓണറേറിയം വർധിപ്പിച്ചു

ആശാ പ്രവർത്തകർ, അങ്കണവാടി വർക്കർക്കർ, ഹെൽപ്പർമാർ, സാക്ഷരതാ പ്രേരക്മാർ എന്നിവർക്കുള്ള ഓണറേറിയം വർധിപ്പിച്ചു. ഒക്ടോബർ 29-ന് നടന്ന മന്ത്രിസഭാ യോഗത്തിനു ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ വർദ്ധനവ് പ്രഖ്യാപിച്ചു. ഈ തീരുമാനത്തോടെ, ആശാ പ്രവർത്തകർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഓണറേറിയം ₹7,000-ൽ നിന്ന് ₹8,000 ആയി ഉയരും. സംസ്ഥാനത്തെ 26,000-ലധികം ആശാ പ്രവർത്തകർക്ക് ഇത് ഗുണം ചെയ്യും.



വാക്സിനേഷൻ, മാതൃ-ശിശു ആരോഗ്യ സേവനങ്ങൾ, രോഗനിർണയം, ഫോളോ അപ്പ് എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ആശാ പ്രവർത്തകർ പ്രധാന പങ്ക് വഹിക്കുന്നു. ഇവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പ്രോത്സാഹന തുക (Incentive) 2025-ൽ ₹2,000-ൽ നിന്ന് ₹3,500-ആയി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നൽകുന്ന ഈ ഓണറേറിയം അതിന് പുറമേയാണ്. കൂടാതെ, വിവിധ സ്കീം പ്രവർത്തനങ്ങൾക്കായുള്ള പ്രോത്സാഹന തുകകളും അവർക്ക് ലഭിക്കും.

2016-ൽ ആശാ പ്രവർത്തകർക്ക് സംസ്ഥാന സർക്കാർ നൽകിയിരുന്ന ഓണറേറിയം വെറും ₹1,000 മാത്രമായിരുന്നു. തുടർന്ന്, ഘട്ടം ഘട്ടമായി ഇത് ഉയർത്തി ₹7,000 ആക്കിയിരുന്നു. ഇപ്പോഴത്തെ ₹1,000 വർദ്ധനവോടെ, ആശാ പ്രവർത്തകരുടെ പ്രതിഫലത്തിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം ₹8,000 ആയി ഉയർന്നു. ഇത് രാജ്യത്തെതന്നെ ആശാ പ്രവർത്തകർക്ക് നൽകുന്ന ഏറ്റവും ഉയർന്ന ഓണറേറിയമാണ്.

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ഓണറേറിയവും 1000 രൂ വർധിപ്പിച്ചു. നിലവിൽ അങ്കണവാടി വർക്കർക്ക് 13,000 രൂപയാണ് ലഭിക്കുന്നത്. ഇതിൽ 500 രൂപയുടെ ഇൻസന്റീവ് ഉൾപ്പെടെ 5000 രൂപയാണ് കേന്ദ്ര വിഹിതം.

ഹെൽപ്പർമാർക്കുള്ള 9000 ത്തിൽ 250 രൂ ഇൻസന്റീവും ചേർത്ത് 3750 രൂപയാണ് കേന്ദ്ര വിഹിതം. 1975-ൽ ICDS പദ്ധതി ആരംഭിച്ച കാലത്ത് ഒരു പ്രതീകാത്മക തുക മാത്രമാണ് അവർക്ക് ലഭിച്ചിരുന്നത്. പിന്നീട്, പ്രാഥമികാരോഗ്യം, പോഷകാഹാരം, ശിശുവികസനം എന്നീ മേഖലകളിൽ അവരുടെ ചുമതലകൾ വർധിച്ചു. ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും അവർക്ക് പ്രധാന പങ്കുണ്ട്.

സാക്ഷരതാ പ്രേരക്മർക്കുള്ള ഓണറേറിയവും 1000 രൂപ വർധിപ്പിച്ചിട്ടുണ്ട്.

# ക്ഷേമപെൻഷൻ തുക വർധിപ്പിച്ചു

സാമൂഹ്യക്ഷേമപെൻഷൻ 2000 രൂപയായി വർധിപ്പിച്ചു. നിലവിലെ 1600 രൂപയിൽ നിന്നാണ് 400 രൂപയുടെ വർധനവ് വരുത്തിയത്. വാർധക്യപെൻഷൻ, വിധവാപെൻഷൻ, ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ, അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയ്ക്ക് ഈ വർധനവ് ബാധകമാണ്.

60 വയസ് തികഞ്ഞ കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ 1980-ൽ ആണ് ആരംഭിച്ചത്. 1993-ലെ 73, 74 ഭരണഘടനാ ഭേദഗതികൾക്കും പഞ്ചായത്തി രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾക്കും ശേഷം, ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു. 1995-ൽ ദേശീയ വാർധക്യപെൻഷൻ ആരംഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ചുമതല ലഭിച്ചതോടെ താഴെത്തട്ടിലെ ജനങ്ങളിലേക്ക് പെൻഷൻ ആനുകൂല്യങ്ങൾ എത്തി.

1998-ൽ കർഷകത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് / നഗരസഭകളെ ഏല്പിച്ചു. പെൻഷൻ അപേക്ഷ സ്വീകരിക്കുക, നടപടികൾ പൂർത്തിയാക്കി തീരുമാനമെടുക്കുക, പെൻഷൻ അനുവദിക്കുക, തുക വിതരണം ചെയ്യുക എന്നീ പ്രധാന ഉത്തര വാദിത്തങ്ങൾ പ്രാദേശിക സർക്കാരുകൾക്കായി.

തുടക്കത്തിൽ 65 വയസ് പൂർത്തിയാക്കി യവർക്ക് മാത്രമായിരുന്നു വാർധക്യപെൻഷൻ. പിന്നീട് പ്രായപരിധി 60 ആക്കി കുറച്ചു. പ്രായപൂർത്തിയായ ആൺമക്കളില്ലാത്ത ദരിദ്രകുടുംബങ്ങളിൽ മാത്രം ആനുകൂല്യം എന്ന വ്യവസ്ഥയിലും ഇളവു വരുത്തി. വരുമാനപരിധി നിശ്ചയിച്ച് കൂടുതൽ പേരെ ഈ പദ്ധതിയുടെ ഗുണഭോക്താ ക്കളാക്കി. ഗുണഭോക്താക്കൾക്ക് പെൻഷൻ തുക നേരിട്ട് ബാങ്ക് അക്കൗണ്ടിൽ നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) 2015-മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

2016-ൽ അടിസ്ഥാന പെൻഷൻ തുക 600 രൂപയായിരുന്നു. ഇത് പടിപ ടിയായി വർധിപ്പിച്ച് 1600 രൂപയാക്കി. ഇത് വീണ്ടും ഉയർത്തിയാണ് 2000 രൂപ യാക്കിയത്.



# സ്ത്രീ സുരക്ഷാ പദ്ധതി അപേക്ഷകൾ ഡിസംബർ 22 മുതൽ

സംസ്ഥാനത്തെ സ്ത്രീകളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച 'സ്ത്രീ സുരക്ഷാ പദ്ധതി'യുടെ അപേക്ഷകൾ ഡിസംബർ 22 മുതൽ സ്വീകരിച്ചു തുടങ്ങി.

നിലവിൽ സംസ്ഥാനത്തെ മറ്റ് സാമൂഹികക്ഷേമ പദ്ധതികളുടെയോ പെൻഷനുകളുടെയോ ഗുണഭോക്താക്കൾ അല്ലാത്ത അർഹരായ സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ksmart.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.




കേരളത്തിൽ സ്ഥിരതാമസക്കാരായ, 35 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കും ട്രാൻസ് വുമൺ വിഭാഗത്തിൽപ്പെട്ടവർക്കുമാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. അന്ത്യോദയ അന്നയോജന (മഞ്ഞ കാർഡ്), മുൻഗണനാ വിഭാഗം (പിങ്ക് കാർഡ്) എന്നീ റേഷൻ കാർഡുകൾ ഉള്ളവർക്കാണ് അപേക്ഷിക്കാൻ അർഹതയുള്ളത്. വിധവാ പെൻഷൻ, അവിവാഹിത പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയ്ക്ക് പുറമെ വിവിധ സർവീസ് പെൻഷനുകൾ, കുടുംബ പെൻഷൻ, ഇ.പി.എഫ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കില്ല. കേന്ദ്ര-സംസ്ഥാന സർക്കാർ സർവീസിലോ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലോ, സർവ്വകലാശാലകളിലോ സ്ഥിരമായോ കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷ സമർപ്പിക്കുന്നവർ പ്രായം തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കണം. ഇവ ലഭ്യമല്ലാത്തവർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഐ.എഫ്.എസ്.സി കോഡ്, ആധാർ വിവരങ്ങൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും ഉൾപ്പെടുത്തണം. ആനുകൂല്യം ലഭിക്കുന്നവർ എല്ലാ വർഷവും ആധാർ അധിഷ്ഠിതമായി വാർഷിക മസ്റ്ററിംഗ് നടത്തണം. ഗുണഭോക്താവ് മരണപ്പെട്ടാൽ ആനുകൂല്യം അവകാശികൾക്ക് കൈമാറാൻ വ്യവസ്ഥയില്ല. ജയിൽ ശിക്ഷ അനുഭവിക്കുന്നവർക്കും റിമാന്റ് കാലയളവിലും ധനസഹായം ലഭിക്കില്ല.



# തിരുവനന്തപുരം – മികച്ച വായു നിലവാരമുള്ള തലസ്ഥാന നഗരങ്ങളിൽ രണ്ടാമത്

സെന്റർ ഫോർ റിസർച്ച് ഓൺ എനർജി ആൻഡ് ക്ലീൻ എയർ (സിആർഇഎ) റിപ്പോർട്ട് പ്രകാരം രാജ്യത്തെ മികച്ച വായുനിലവാരമുള്ള തലസ്ഥാന നഗരങ്ങളിൽ തിരുവനന്തപുരത്തിന് രണ്ടാം സ്ഥാനം. ഒന്നാം സ്ഥാനത്തുള്ളത് മിസോറാം തലസ്ഥാനമായ ഐസ്വാളാണ്(9 മൈക്രോഗ്രാം പെർ ക്യൂബിക് മീറ്റർ). തിരുവനന്തപുരത്തെ പിഎം 2.5 സാന്ദ്രത 27 മൈക്രോഗ്രാം പെർ ക്യൂബിക് മീറ്റർ മാത്രമാണ്. എൻഎഎക്യുഎസ് പരിധിയായ 64 മൈക്രോഗ്രാം പെർ ക്യൂബിക് മീറ്ററിനും വളരെ താഴെ.

ഗാസിയാബാദാണ് ഇന്ത്യയിലെ ഏറ്റവും മലിനീകരിക്കപ്പെട്ട നഗരം. ഇതുൾപ്പെടെ ഏറ്റവും മലിനീകരിക്കപ്പെട്ട ആദ്യ പത്തുനഗരങ്ങളും ഉത്തരേന്ത്യയിലാണ്. ദക്ഷിണേന്ത്യയിലെ ഒരു നഗരവും ഏറ്റവും മലിനീകരിക്കപ്പെട്ട ആദ്യ പത്തുനഗരങ്ങളിൽ ഉൾപ്പെട്ടില്ല.

THADDESAKAM (MONTHLY) DECEMBER 2025
₹30 Annual Subscription ₹300, Published on December 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.